വയലാറിലെ

# തലയോട്ടുകൾ



ശ്രീവിലാസ് പ്രസിദ്ധീകരണം.

N·370

3037

നാരദർ ഗ്രന്ഥാവലി No. 3.

N. 370

# വയലാറിലെ
# തലയോടുകൾ

സമ്പാദകർ:

സുന്ദരം

ഗന്ധർവൻ

ശ്യാമകൃഷ്ണൻ

വില രൂ. ൧.

Sri Vilas Press & Book Depot,

TRIVANDRUM.

# പ്രസ്താവന.

പട്ടിണിയുടെ പരിക്രന്ദനം—വയറിന്റെ മരണമുറവിളി—അതായിരുന്നു അവിടെ കേട്ടതു്. ആദ്യമാദ്യം ആരുമതു കാൎയ്യമായി ശ്രദ്ധിച്ചില്ല. മണിമേടയിലെ വീണവായനയ്ക്കു് അതു് അപശ്രുതിചേൎത്തു. മുതലാളിയ്ക്കു് അസഹ്യതതോന്നി. അയാൾ കല്ലുകളും വാരി എറിഞ്ഞു. വിശന്നുതളൎന്നു വിവേകമററു പടിവാതുക്കൽവന്നു തിങ്ങിക്കൂടിയിരുന്ന ആ സാധുക്കളുടെ എരിപിരികൊണ്ടിരുന്ന വയററിൽ ആണു് അവ വന്നു പതിച്ചതു്. പട്ടിണി, നിരാശ, വ്യസനം, അതിനുമേൽ അപമാനവും വേദനയും. അവരും മനുഷ്യരായിരുന്നു, അവരുടെ സഹനശക്തിയ്ക്കും അതിരുണ്ടായിരുന്നു.

ആ ജനക്കൂട്ടം വല്ലാതെ ക്ഷോഭിച്ചു. അവർ ആൎത്തിളകി മുതലാളിയോടടുത്തു. വിത്തപ്രതാപത്തിൻ് കോപം അതിൎകടന്നു. പൈശാചികമായ ഒരു മൎദ്ദനമായിരുന്നു അടുത്ത നടപടി.

ഉദ്ദേശംപോലെ അതു ഫലിച്ചില്ല, എന്നല്ല അനൎത്ഥത്തിനു് തുടക്കമൊരുക്കുകയും ചെയ്തു. മുതലാളിയും തൊഴിലാളിയും ആ നാട്ടിൽ ശത്രുക്കളായി. ഇരുകൂട്ടരും ബലപരീക്ഷണത്തിനൊരുങ്ങി. അവസാനം ശേഷിച്ചതു് തലയോടുകളും അസ്ഥിഖണ്ഡങ്ങളും. അവ ആരുടേതെന്നു് വിസ്തരിക്കേണ്ട ആവശ്യമേയില്ലല്ലോ!

ആ രംഗം, ഭാവനയിൽ അതു പലേമട്ടിൽ രൂപം പ്രാപിച്ചു; വീക്ഷണഗതിയുടെ വ്യത്യാസമനുസരിച്ചു്, ഏതാനും ചിത്രങ്ങൾ——ആ ഭീകരതയിലും ഒരു പുഞ്ചിരി.

—ആൎക്കും പരിഭവം തോന്നരുതേ!

ക്രൂപ്പൂക്കെ.

3037
N:370

# വയലാറിലെ തലയോട്ടുകൾ

---

## ഒന്ന്

(മഹാകവി വള്ളത്തോളിന്റെ ജൂബിലിയോട [illegible]യിൽ)

([illegible]കല്പി)

I

‘വിപ്ലവം, വിപ്ലവം’ വീറോട്ടു കാഹള-
മിപ്പൊഴുമൂതുന്നിതത്തലയോട്ടുകൾ
ഹന്ത! മുതലാളിമാരുടെ സ്വാർത്ഥത
പന്താടുവാനായുരുത്ത ശിരസ്സുകൾ!
മായംപുരളാതെ, വിഖ്യാതിലക്ഷ്മിതൻ
മാൺപെഴും വജ്രമകുടങ്ങളായിതാ,
അങ്ങിങ്ങുകൂടിക്കിടക്കുന്നു ലേശവും
മങ്ങാതെ, മായാതെയിത്യാഗവേദിയിൽ

എങ്ങും സമത്വം സമീക്ഷിച്ച കണ്ണുകൾ,-
എങ്ങും സുഭിക്ഷത വാഞ്ഛിച്ച ഹൃത്തുകൾ,-
സുസ്ഥിരഭാവം നിഴലിച്ച നെറ്റികൾ,-
നിസ്തുലവീര്യം മുഴക്കിയ കണ്ഠങ്ങൾ,-
ഒക്കെയുമിങ്ങിതാ ഛിന്നഭിന്നങ്ങളായ്
കക്കകൾപോലെ കിടക്കുന്നു കാണുവിൻ!

പോരും തെളിഞ്ഞതു വിത്തപ്രതാപമേ!
പാരിൽ നിൻവാഴ്ച കഴിയുവാൻ കാലമായ്
ക്രൂരിരുൾതിന്നുപോയി,ത്തലമോട്ടകൾ
മാരണശംഖുവിളിപ്പൂ! നിനക്കിതാ;
'വിപ്ലവം വിപ്ലവം' വിശ്വമെല്ലാടവു-
മൊപ്പമിളക്കി മറിക്കയാണാരവം.

## II

ദുർമ്മദം മൂത്ത മുതലാളിമാരുടെ
കർമ്മകാണ്ഡത്തിലെക്കാപട്യലീലകൾ
കാണാംതെളിഞ്ഞു വയലാറിലിപ്പൊഴും
കാല്പാട്ടമാറാതെ; വന്നു നോക്കീടുവിൻ.
താമസമില്ല. പ്രതികാരവഹ്നിതൻ
ധൂമമുയർന്നുപോയ്; തീനാളിടും കണ്ണാൽ.
ഇങ്ങെഴുമോരോമണൽത്തരി കൂടിയും
പൊങ്ങിടു,മുഗ്രദാവാഗ്നിയായ് നിശ്ചയം.

ആരുടെ രക്തമജ്ജാസ്ഥികളാൽ നിങ്ങൾ
ചാരു വെൺമേടകൾ കെട്ടിപ്പടുത്തുവോ-?
ആരുടെ ജീവനിണം കൊണ്ടു നിത്യവും
വാരുണീസേവ നടത്തിമത്താടിയോ?-
ആരുടെ പ്രാണമരുത്തിൽ യഥാസുഖം
ക്രൂരതേ! നീ പങ്കരാറുമയങ്ങിയോ—?
ആരുടെമെയ്‌വിയർപ്പിൻ നറുമുത്തുകൾ
ഹാരമായ് നിങ്ങൾ കഴുത്തിലണിഞ്ഞുവോ?

പട്ടിണിതൻ ചുടുകാട്ടിലെപ്പാഴററ
പട്ടടക്കൊള്ളികളാക്കി,യാ മർത്ത്യരെ
നിഷ്ഠുരം,നിങ്ങളിന്നോളം വെറും പുഴ-
ക്കൂട്ടങ്ങളെപ്പോൽ ചവിട്ടിയരച്ചതേ!
കങ്കാളമാത്രങ്ങളാകിലുമിന്നിയും
നിൻകാൽതലോടാനവർ കയ്യുയർത്തണം!
നിൻസമൃദ്ധിക്കു നീരാടാനവരുടെ
നിർമ്മല ബാഷ്പനീർ തോരാതൊഴുകണം.
ചെങ്കോൽ, അതേ, സാധുമർദ്ദനത്തിന്നുള്ള
ചെങ്കോ,ലുയർത്തേണ്ടകാലം കഴിഞ്ഞുപോയ്!
പോരുംകുബേരരതേ! നിൻവാഴ്ച മുന്നോട്ടു
പോകില്ലൊരു ചുവടിന്നിയുമീവിധം.
'വിപ്ലവം വിപ്ലവം' വീരോൽക്കടാഹ്വാന-
മിപ്പൊഴുമൂളുന്നിതത്തലയോട്ടുകൾ.

III

ഓർത്തുപോയ് നീ മൂഢ,നഞ്ചാറു തോക്കിൻെറ
മൂർത്തുകൊണ്ടെല്ലാം മടക്കിനിർത്തീടുവാൻ.
ആയിരമായിരം പീരങ്കിയുണ്ടയു-
മാകില്ലടക്കാ,നവർതൻ പുരോഗതി
ഹാ! വയലാറേ! ഭവൽത്തിരുമാറിലെ
കേവലമാകും ചകിരിത്തുരുമ്പിലും
നൂറുനൂറായിരം 'കാറൽ മാർക്സി'ൻ തനി
വീര്യംതുളുമ്പിത്തുളുമ്പിനില്പൂ ദൃഢം.

വിപ്ലവത്തീപ്പൊരി പാറുന്നിതാ,ശ്രുഷ്ക—
ശഷ്പങ്ങൾതോറു,മറിഞ്ഞു കൊണ്ടീടുവിൻ.
ചെങ്കൊടിക്കൂറ പറക്കുന്നു നീളവേ,
ചെമ്പരുന്തിൻെറ ചിറകെന്ന കൈതവാൽ.
'ചെന്നിണം' ഹാ! പണക്കാർതൻ ചുടുനിണം,
എന്നാണു കായലിൻ ഗർജ്ജനം ചുററിലും
വാനിൽത്തെളിയുന്ന ചന്ദ്രക്കല യരി—
വാളുയർത്തീടുന്ന കാഴ്ചയാർണോക്കുവിൻ!
ഞെട്ടുമിടിരവം 'സോവിയററു്' ചുററികാ—
ഘട്ടനം: കമ്മ്യൂണിസത്തിൻെറ ജേ! വിളി
ഒന്നുകി ലെല്ലാമൊരേനില,യല്ലെങ്കി
ലൊന്നോടെയിനാടു ഭസ്മമായീടണം.

"വിപ്ലവം വിപ്ലവം" വീറോടുകാഹള-
മിപ്പൊഴുമൂതിന്നിതത്തലയോടുകൾ.

(By സുന്ദരം.)

## രണ്ടു്

(കെ. രാമകൃഷ്ണപിള്ള ബി. എ. യുടെ ഭാവന പ്രതിഫലിക്കുന്നതു്)

### രംഗം ഒന്നു്

[വിസ്തൃതമായ ആ മണൽക്കാട്. അതിന്റെ മദ്ധ്യത്തിൽ അനവധി വേലക്കാർ നിന്നു മണ്ണു തോണ്ടുന്നു. എല്ലാം പട്ടിണിയുടെ പ്രതിബിംബങ്ങളാം. ആരും ഒരക്ഷരം മിണ്ടുന്നില്ല. നാലഞ്ചു പെട്രോമാക്സ് വിളക്കുകൾ കൊളുത്തിവച്ചിരിക്കുന്നു. തലയോട്ടുകളും അസ്ഥിഖണ്ഡങ്ങളും ചുററുപാടും കൂടിക്കിടക്കുന്നു. ഒരു ചൂരൽവടിയുമേന്തി കറുത്തു തടിച്ച ഒരു കരിമ്പാറക്കല്ലാറൻ വേലക്കാരുടെ മേൽനോട്ടം വഹിച്ചുകൊണ്ടു നില്ക്കുന്നു. അയാളുടെ ശാസനാഗർജ്ജനം മാത്രം ഇടയ്ക്കിടയ്ക്കു മുഴങ്ങിക്കേൾക്കാം. അല്പം അകലെയുള്ള മണൽക്കുന്നിന്റെ മുകളിൽ ഒരു വിരിപന്തൽ. അവിടെയും പെട്രോമാക്സ്. മുതലാളി ഒരു കസാലയിൽ കിടക്കുന്നു. പർവതംപോലെയുള്ള ശരീരം. തലയ്ക്കുമാത്രം ഒരു കൊട്ടത്തേങ്ങയുടെ മുഴുപ്പുമുള്ളു. ആർഭാടപൂർണ്ണമായ വേഷം. അരയ്ക്കുമുണ്ടും കെട്ടി കാര്യസ്ഥൻ തിരുമുമ്പിൽ ഓച്ഛാനിച്ചുനില്ക്കുന്നു.]

മുതലാളി:—അങ്ങിനെ എന്റെ ശപഥം ഇതാ നിറവേറുന്നു. മുതലാളികളെ മുഴുവൻ നശിപ്പിക്കാൻ തൊഴിലാളികൾ കൊലവാളുയർത്തിയ ഈ വയലാർ മണ്ണിൽത്തന്നെ എന്റെ മണിമേട ഉയരണം. അതിനുവേണ്ടിയാണ് ഈ സ്ഥലംതന്നെ ഞാൻ തിരഞ്ഞെടുത്തതു്.

കാര്യ്യ:—അവിടുത്തെ പ്രതികാരബുദ്ധി തൊഴിലാളി വര്ഗ്ഗത്തെ കിടുകിടാ വിറപ്പിക്കുന്നു.

മുത:—അങ്ങിനെതന്നെവേണം; അതാണു് എന്റെ ആഗ്രഹവും. വിപ്ലവക്കാർ ഇതു കണ്ടു പഠിക്കട്ടെ. അവരുടെ അതിമോഹത്തിന്റെ തല നാം തല്ലിത്തകര്ത്തു. അതാ തലയോട്ടുകൾ കൂടിക്കിടക്കുന്നു.

കാര്യ്യ:—ഭയങ്കരം ഭയങ്കരം.

മുത:—ആ തലയോട്ടുകളെല്ലാം പെറുക്കി നിരത്തിയിട്ടു് അതിനുമീതേ വേണം അടിത്തറ കെട്ടുവാൻ.

കാര്യ്യ:—അതു് ബുദ്ധിപൂർവമായ ഒരു തീരുമാനമാണു്.

മുത:—മുതലാളിത്തത്തെ തട്ടിത്തകൎക്കാൻ ഉദ്യമിച്ചാലുള്ള അനുഭവം ഇതാണു്. തെണ്ടിപ്പട്ടികൾ! എത്രമാത്രം കിടന്നു കുരച്ചു? എന്തെല്ലാം പ്രേക്ഷോഭണങ്ങൾ കാണിച്ചു? നാലു പീരങ്കികളെ നേരാംവണ്ണം വിശപ്പടക്കാൻ തികഞ്ഞില്ല. ഇവററകളാണു് മുതലാളികളോടു മല്ലിടാൻ വിചാരിച്ചതു്.

കാര്യ്യ:—ബുദ്ധിയില്ലാത്ത കഴുതകൾ! എങ്കിലും ആ കൂട്ടക്കൊല കുറേ കടുത്തുപോയി.

മുത:—വെറും നിസ്സാരം! ഹും പണി മുറയ്ക്കു നടക്കുന്നില്ലേ? വെളുക്കുംമുൻപ് അടിത്തറ തീരണം.

കാര്യ്യ:—ഉത്തരവു്.

മുത:—ഈ വേലക്കാർ കഴുവേറികളെ വിശ്വസിക്കരുതു്. അടുത്തുനിന്നു മാറിക്കഴിഞ്ഞാൽ അവർ മടിപിടിച്ചു വിശ്രമിക്കാനിരിക്കും.

കാര്യ്യ:—നടത്തിപ്പുകാരൻ മറാതെ അടുത്തുതന്നെ നില്ക്കുകയാണ്. നേരം അർദ്ധരാത്രിയോടടുത്തിട്ടുണ്ട്. ആർക്കും ഇതുവരെ അത്താഴംപോലും കൊടുത്തിട്ടില്ല.

മുത:—ഒരിക്കലും ഇവററയ്ക്കു തീററയൊഴിഞ്ഞു സമയമില്ലല്ലോ? പണി കഴിഞ്ഞിട്ട് ആ കാര്യ്യമാലോചിക്കാം.

കാര്യ്യ:—കാലത്തു് ആറുമണിക്കു വേല തുടങ്ങിയതാണ്.

മുത:—ഇന്നു് ഒരു ദിവസം ഇങ്ങിനെ അങ്ങു കഴിയട്ടെ!

കാര്യ്യ:—എല്ലാവരും വശംകെട്ടുകഴിഞ്ഞു.

മുത:—അതൊന്നും സാരമാക്കാനില്ല. ഇപ്പോൾ ഇളവു കൊടുത്താൽ കാലത്തേയ്ക്കു് അടിത്തറ തീരാതെ വരും., മിനക്കെടാതെ നിന്നു പണിയട്ടെ. ഇരട്ടി ശമ്പളമല്ലേ? ഓരോരുത്തനും പററിയിരിക്കുന്നതു്.

കാര്യ്യ:—എല്ലാം കല്പനപോലെ.

("അയ്യോ!" അയ്യോ! എന്നു പണിസ്ഥലത്തു നിലവിളി കേൾക്കുന്നു)

മുത:—എന്താണവിടെ ബഹളം?

കാര്യ്യ:—വേലയ്ക്കു മടി കാണിക്കുന്ന പണിക്കാരെ നടത്തിപ്പുകാരൻ ശിക്ഷിക്കുന്നതായിരിക്കും.

മുത:—അങ്ങിനെതന്നെ വേണം; എല്ലാത്തിനേയും നിരപ്പെ ഒരടിയടിക്കണം. എങ്കിലേ ചൂടു തോന്നുകയുള്ളു കള്ളപ്പാഷികൾ തിന്നു മുടിക്കാൻമാത്രം ജനിച്ചിട്ടുള്ള കൂട്ടം.

(നടത്തിപ്പുകാരൻ പ്രവേശിക്കുന്നു)

മുത:—എന്തെടാ വീണ്ടും പന്നിമുടക്കു തുടങ്ങിയോ?

നട:—ഈ ജന്മത്ത് ഇനി അങ്ങിനെ പേടിക്കണ്ട.

മൂത:—നിലവിളി കേട്ടതെന്ത്.?

നട:—കയ്യും കാലും കുഴയുന്നെന്നും പറഞ്ഞു കുറെപ്പേർ കുത്തിയിരിക്കാൻ തുടങ്ങി. കൊട്ടത്തു അപ്പോൾ എല്ലാത്തിൻേറയും മുതുകത്ത് ഈരണ്ട്.

മൂക:—ശഭാഷ്! നീ സമത്ഥൻ. പുറം പൊട്ടിയില്ലേ; ചോര ഒഴുകി മണ്ണിൽ വീഴണം, എങ്കിലേ മണ്ണിന് ഇഴുക്കമുണ്ടാകൂ. അടിത്തറ ഉറയ്ക്കാൻ അതു നല്ലതാണ്. ആവട്ടെ, ഇപ്പോഴും ക്ഷീണത്തിനു കുറവില്ലേ?

നട —അതു പിന്നെ പറയാനുണ്ടോ? എല്ലാത്തിനും മുറയ്ക്കു നിന്നു പണിയാറായി.

മൂത:—ഇതാണു ഞാൻ പറയുന്നത് മർദ്ദനം ഗുണവർദ്ധനമെന്ന്. വാനം മുഴുവൻ തീൎന്നില്ലേ?

നട:—ഉത്തരവ്.

മൂത:—എന്നാൽ ഇനി അടിത്തറ കെട്ടിത്തുടങ്ങാം. ആദ്യമായി ആ തലയോടുകൾ മുഴുവൻ അടിയിൽ ഇട്ട് ഇടിച്ചുറപ്പിക്കണം. പിന്നീടുവേണം കല്ലു കെട്ടിത്തുടങ്ങാൻ. കാൎയ്യസ്ഥൻ! നിങ്ങൾകൂടി അങ്ങോട്ടു ചെല്ലൂ ഞാൻ അല്പമൊന്നു കിടക്കട്ടെ; ഉറക്കക്ഷീണം വല്ലാതെ വിഷമിപ്പിക്കുന്നു.

കാൎയ്യ: ഉത്തരവ്.

(ഉത്തരവ്) എന്നു തൊഴുതുകൊണ്ടു നടത്തിപ്പുകാരനും കാൎയ്യസ്ഥനെ അനുഗമിക്കുന്നു.)

കർട്ടൻ

## രംഗം രണ്ട്:—

(തലയോട്ടുകളും അസ്ഥിഖണ്ഡങ്ങളും കുന്നുപോലെ കൂട്ടിയിരിക്കുന്നു. കാര്യസ്ഥനും നടത്തിപ്പുകാരനും പ്രവേശിക്കുന്നു.)

കാര്യ:— ഇതു കാണുമ്പോൾ ഞെട്ടിപ്പോകുന്നു.

നട:— ഇത്ര ഭീരുത്വമോ? എനിക്ക് ഉത്സാഹം വൎദ്ധിക്കയാണ്. അലകുപാരയും കുറുവടിയുമായി മുതലാളിത്വത്തെ പൊടിപെടുത്താൻ ഇറമ്പി ആത്തവരുടെ അവശിഷ്ടങ്ങൾ—ലോകത്തിൽ ഇന്നത്തെ വഴക്കാളികൾക്ക് ഇതൊരു പാഠമാണ്.

കാര്യ:— ശരിതന്നെ, പക്ഷേ—

നട:— അങ്ങുന്നിനും മനസ്സു മാറിത്തുടങ്ങിയോ?

കാര്യ:— എങ്ങിനെ മാറാതിരിക്കും? അനീതിയും അക്രമവും കണ്ടു കണ്ടു സഹിപ്പില്ലാതായിരിക്കുന്നു.

നട:— എനിക്ക് അതു കണ്ടു കണ്ടു കൗതുകം, കൂടി വരികയാണ്.

കാര്യ:— ഇതു് നീളുകില്ല. ഈ മാളിക പണി മുഴുക്കകില്ല.

നട:— അങ്ങേയ്ക്കു തലയ്ക്കു് എന്തോ തകരാറു പററി.

കാര്യ:— ആൎക്കാണു തകരാറു പററിയതെന്ന് താമസിയാതെ അറിയാം. ആവട്ടെ; ചുമട്ടുകാരെല്ലാം എവിടെ?

നട:— ഇതാ വന്നുകഴിഞ്ഞു.

കാര്യ്:—എന്നാൽ ചുമട്ട തുടങ്ങട്ടെ.

(ചുമട്ടുകാർ പ്രവേശിക്കുന്നു.)

നട:—ഹ്ഹ-ം വേഗം, അരമണിക്കൂറിനുള്ളിൽ എല്ലാം മണ്ണിനടിയിലാകണം. മുതലാളി ഉണരുമ്പോഴേയ്ക്കും അടിത്തറ തീർന്നിരിക്കണം.

(ചുമട്ടുകാർ തലയോട്ടുകൾ കണ്ടു മടിച്ചു നില്ക്കുന്നു.)

നട:—എന്താ മടിക്കുന്നതു്.?

ചുമട്ടുകാർ:—ഞങ്ങൾക്കു പേടിയാകുന്നു. അതാ ആ കൺകുഴികളിൽ തീക്കട്ടകൾ! ആ പല്ലുകളുടെ കൊലച്ചിരി. അയ്യോ!

നട:—ഭീരുക്കൾ. വെറും തലയോട്ടുകൾ കണ്ടു ഭയപ്പെടുവാൻ എന്തിരിക്കുന്നു? ഇതാ ഞാൻ ഇതെടുത്തു പന്താടുന്നതു നോക്കു്!

(അയാൾ ഒരു തലയോട്ടു് എടുക്കുവാൻ കുനിയുന്നു. പെട്ടെന്നു ഉഗ്രമായ ഒരു അട്ടഹാസം! "മഹാ പാപീ! എന്നെ തൊടരുതു്" എന്നൊരു ഗർജ്ജനം. നടത്തിപ്പുകാരൻ ഞെട്ടിക്കൊണ്ടു നിവരുന്നു ആ തലയോടിന്നു ഒരു ചലനം. അതു പെട്ടെന്നു് ആകാശത്തിലേയ്ക്കുയരുന്നു. ഒരസ്ഥികൂടമായി അതു രൂപം പ്രാപിക്കുന്നു. ഒരു കയ്യിൽ അരിവാൾ പോലെ ഒരു വാരിഎല്ലു് ഉയർത്തിപ്പിടിച്ചിട്ടുണ്ടു്. കുറുവടിപോലുള്ള ഒരു കരാസ്ഥിയിൽ ഘടിപ്പിച്ചിട്ടുള്ള ഒരു വലിയ തലയോട്ട ചുററികയാക്കി മറേറക്കയ്യിലും. നടത്തിപ്പുകാരനെ നോക്കി ആ രൂപം വീണ്ടും അട്ടഹസിക്കുന്നു.)

രൂപം:—ഹം ഹ, ഹ! ദ്രോഹി, നിൻെറ മുതലാളിക്കു മണിമാളിക കെട്ടാൻ ഈ തലയോട്ടുകൾ വേണം, അല്ലേ.?

കാര്യ:—(വിറച്ചുകൊണ്ടു് നടത്തിപ്പുകാരനോടു്) ഞാൻ പോകുന്നു. ഈ പിശാചു നമ്മെ എല്ലാം ഇപ്പോഠം വിഴുങ്ങും. (അയാൾ മറയുന്നു,)

നട:—(ധൈര്യം നടിച്ചുകൊണ്ടു്) ഇതെല്ലാം ഒരു നേരം പോക്കു്. ഇതുകണ്ടു് പേടിച്ചോടാൻ നാം വിഡ്ഢികളോ? ഒററഅടിക്കു തകന്നു തരിപ്പണമാകുന്ന ഒരു അസ്ഥിക്കൂടത്തെ കണ്ടു വിരണ്ടോടുന്നതു നമ്മുടെ ഗൗരവത്തിനു ചേരുന്നതല്ല. ഇതാ നോക്കുവിൻ! (അയാഠം കയ്യിലിരുന്ന വടി ഓങ്ങുന്നു. പെട്ടെന്നു ആ അസ്ഥിക്കൂടം ഒരു അഗ്നിമനുഷ്യനായി രൂപാന്തരപ്പെടുന്നു. എല്ലാവരും അതു കണ്ടുനിന്നു വിറയ്ക്കുന്നു. 'അയ്യോ ഓടിവരണേ! ഓടിവരണേ,! എന്നു ഉച്ചത്തിൽ നിലവിളിക്കുന്നു. മുതലാളി അതു കേട്ടു ഞെട്ടിയുണന്നു് അവിടെ പ്രത്യക്ഷപ്പെടുന്നു. അഗ്നിമനുഷ്യനെക്കണ്ടു് അയാളും സംഭ്രമിക്കുന്നു)

മുത:—(ധൈര്യം നടിച്ചുകൊണ്ടു്) നീ ആരു്? ഇവിടെ എന്തിനു വന്നു.?

രൂപം:—(രൂക്ഷമായി ചിരിക്കുന്നു) ഞാനാരാണെന്നു് നിനക്കറിയണം അല്ലേ! ഞാനാണു വിപ്ലവം! നിങ്ങൾ പീരങ്കികൊണ്ടും വലിയതോക്കുകൊണ്ടും കീഴടക്കിയതു് ഈ എന്നെത്തന്നെയാണു്. ഞാൻ നശിച്ചു

എന്നു നിങ്ങൾ വ്യാമോഹിച്ചുപോയി. മൂഢാ! നിൻെറ ദുർമ്മോഹം നിഷ്ഫലം. നിൻെറ സ്വാർത്ഥതയുടെ, സ്വേച്ഛാപ്രമത്തതയുടെ തല ഞാൻ കൊയ്യും. ഈ തലയോട്ടുകൾ—ഈ അസ്ഥിഖണ്ഡങ്ങൾ—ഇവ ഓരോന്നും നിന്നോടു പ്രതികാരം ചെയ്യാൻ ഇതാ ഉയരാൻ പോകുന്നു. (തലയോട്ടുകൾ ഓരോന്നും ആ നിമിഷത്തിൽതന്നെ അസ്ഥിപഞ്ജരങ്ങളായി ഉയരുന്നു. എല്ലാവരും സ്തംഭിതരായി നില്ക്കുന്നു.)

ശ്രുപ:—(മുതലാളിയുടെനേരെതിരിഞ്ഞുകൊണ്ടു്) ചുററും നില്ക്കുന്ന ഈ എല്ലിൻകൂട്ടത്തെ നീ കണ്ണു തുറന്നു നോക്കു്! നിന്നെപ്പോലെ രക്തവും മാംസവും തൊലിയും ഇവയ്ക്കുമുണ്ടായിരുന്നു. ആരാണു് അവയെല്ലാം അപഹരിച്ചതു്? ദുഷ്ടാ! മഹാപാപീ! നിൻെറ സ്വാർത്ഥത, നിന്റെ ദുർമ്മദാന്ധത, നിന്റെ ധനദാഹം; സമ്പൽപിപാസ. അവരുടെ രക്തം ഊററിക്കുടിച്ചു നീ തടിച്ചു. അവരുടെ മാംസം കാർന്നുതിന്നു നിൻെറ പെരുങ്കുമ്പ വീർപ്പിച്ചു. നീ അവരുടെ സർവസ്വവും അപഹരിച്ചു. ഈ അനീതി-ഈ അക്രമം; എല്ലാം ഈ സാധുക്കൾ സഹിച്ചു. അവരുടെ തലയോട്ടുകൾകൊണ്ടു നിനക്കു മണിമേടകൂടി കെട്ടണം അല്ലേ?

മുത:—അയ്യോ! വേണ്ട. വേണ്ട, ഞാൻ ഇപ്പൊഴെ ഇവിടം വിട്ടു പൊയ്ക്കൊള്ളാം.

ശ്രുപ:—ഭീരു! നിന്നെ അങ്ങനെ വിടുന്നില്ല. നീ അപഹരിച്ച സർവ്വവും ഇവക്കു തിരിച്ചുകൊടുക്കണം.

മുത:—എനിക്കൊന്നും വേണ്ട, എല്ലാം അവർ എടുത്തു കൊള്ളട്ടെ. എന്നെ കൊല്ലാതെ വിട്ടാൽ മതി

രൂപ:—നിന്റെ കിരീടം, രത്നഹാരം, തങ്കക്കുപ്പായം എല്ലാം അഴിച്ചു താഴെ വെക്കു്!

(മുതലാളി അപ്രകാരം ചെയ്യുന്നു.)

രൂപ:—മതിയായില്ല. നിന്റെ മാംസം, രക്തം, അതും കൂടി ഇവരുടെ വകയാണു്.

മുത:—അയ്യോ! എന്നെ കൊല്ലരുതേ! (എന്നു നിലവിളിച്ചുകൊണ്ടു വീഴുന്നു. വിളക്കുകൾ അണയുന്നു. പണിക്കാരും, നടത്തിപ്പുകാരനും മറയുന്നു. അസ്ഥിപഞ്ജരങ്ങൾ അയാളുടെ ചുററും തിങ്ങിക്കൂടുന്നു.)

കർട്ടൻ.

(By സുന്ദരം)

## മൂന്നു്.

(മഹാകവി ഉള്ളൂരിൻെറ ഉഷ്മള ഭാവനയിലൂടെ)

മഞ്ജരി

I

ധിക് ധിക് വയലാറേ! നിൻ മൃത്തികോദ്ധൃതം
തത്രത്യവീരർ തന്നാസൃക്പാത്രം!

ഉദ്ധത കൌബേര വിശ്വവിനാശക-
ദർപ്പത്തിൻ ശൂർപ്പ നഖങ്ങളാലേ
നിർദ്ദയം മാന്തിപ്പൊളിക്കപ്പെട്ടല്ലല്ലീ?
നില്പത,ച്ചെററകൾ അത്ര യത്ര

പാതിത്യത്തിൻ പദഘട്ടനമേൽക്കയോ-
ലാദിക്ക, ധിവസിക്കുന്ന വർഗ്ഗം
കീഴോട്ടു വൃത്താൽ വളരുവതല്ലല്ലീ?
കേവലം മന്താർന്ന കാൽകളാലേ

ഹന്ത! ദുർഭിക്ഷത നക്കിയപാടുപോ-
ലന്ധതമസ്സിലിനോദയം പോൽ
എന്താ, സഹജർ തൻ ത്വക്കിന്നുപരി ഹാ!
ചെന്തീയോ? പൊട്ടപ്പുറങ്കിപ്പുണ്ണോ?
തെററി;—മൽ ദൃക്കേ! നീ സൂക്ഷിച്ചുനോക്കൂ! ചരി
ഇററിററുവീഴുന്ന രക്തവാഹം

## II

തോക്കൊഴിച്ചീടുന്ന ശബ്ദമോ? വിണ്ണായ
പോക്കിൻെറ ദംഷ്ട്രാഘനനംതാനോ?
കേൾക്കവതുച്ചത്തിൽ ദൂരത്തും ചാരത്തും,
നേക്കുന്നോ? ദേവാസുരസംഘം തമ്മിൽ.

അണ്ഡകടാഹം ശകലിതമെന്നപോ-
ലുണ്ടകളെത്തുന്നിതുച്ചൈരുച്ചൈ:
ചണ്ഡിയാം ഹിംസേ! ശ്രീ ബുദ്ധൻെറ നാടിനെ
രണ്ടുയാക്കാൻ നീ പടുവായെന്നോ?

ധിക് ധിക്! തറയ്ക്കുന്നവയാ,യുവാക്കൾതൻ-
മസ്തകേ, സ്കന്ധേ, ഭുജേ, ലലാടേ.

വീരസഹജർ നിരായുധരല്ലവർ,
ശ്രീരാമരാജ്യത്തിൻ പിൻ വാഴ്ച്ചക്കാർ!
ഓങ്ങുന്ന കുന്ത മുസല ഗദാദിക-
(ളോരുമവരും രണരണിക)

രക്തപതാകയോ? തൻകയ്യിലെ,ന്തതിൽ
നക്തം ശശിലേഖപോലെ കാണ്മൂ!
ചുത്തികയേക, മപരമരിവാൾ ഹാ!
ധിക്കൃതം റഷ്യതൻ ചിഹ്നമെന്നോ?

## III

പാരക്കോല്യച്ചൈഃ പിടിച്ചവരുല്ലപോൽ
ഭൂരികുതിക്കുന്നു മുന്നോ മുന്നോ

ധീര രിടീനാദമെന്നപോൽ ഗീരുകൾ
ചോരുന്നു, ജൃംഭിത സത്വസാരർ:—
"സ്വാതന്ത്ര്യം ജന്മനാ സിദ്ധമീ ഞങ്ങൾക്കു,
പോരും ഭരിച്ചതു; മേലിൽ വേണ്ട.
ഭ്രുവിൽ സഹസ്രാംശു ദീപ്തി ചൊരിഞ്ഞാലും
ഭ്രുപതിയാണോ? ചൊൽകംശുമാലി

ഹന്ത! നഭശ്ചരവർഗ്ഗങ്ങളൊന്നോടൊ-
ന്നന്തരാബന്ധിതമാണെന്നാലും
വന്ധ്യമൊന്നിന്നൊ,ന്നിലാധിപത്യം പാർക്കിൽ
കിന്തു,നാ"മേകമേവാദ്വിതീയം"

ചിന്തും രുധിരമിപ്പാരക്കോലാൽ ഞങ്ങ-
ളെന്തിനെന്നോ? ഭ്രമി തുല്യമാകാൻ,
അന്ധസമുദായനീതി തൻ കോട്ടയ്ക്കു
ചെന്തീയാണിട്ടിവ്വ രക്തകേതു!

ഇക്കേതുവിൻച്ഛായ തന്നിലണയുന്ന
ദൃപ്തയുവ ചിത്തമോർമ്മിപ്പീലേ?
തത്രസോവ്യേറ്റ് റഷ്യതന്നിലുദിച്ചൊരു
പ്രത്യുഷഃകാന്തിയെ, ശാന്തിയെത്താൻ
അപ്പോലിവിടെയുമപ്പിപ്പൂ ഞങ്ങൾ തൻ-
രക്തമൊരു നൂതനവേണാട്ടിന്നായ്

IV

അഗ്ഗീര,വസിതമായിട്ടും മുമ്പതാ
കക്കിപ്പുരോഭുവി തോക്കൊരുണ്ട:

ഉദ്ധൃതമാക്കിപ്പിടിച്ചാ യുവാവു ത-
ന്നജ്ജചലവക്ഷസ്ഥലം ക്ഷണത്തിൽ

"ഫ്ഃ! ഫ്ഃ!" പുകഞ്ഞതാ വീണ്ടുമത്തോ-
ക്കുകൾ!
കിം ഭൂമി! നീ നിദ്രചെയ്യുകയെന്നോ?

എന്തായുവാവെ, ബിലേന നീകാത്തില
പണ്ടാജനകജ തന്നെപ്പോലെ

പൊത്തു,ണ്ടയോരോന്നും നിഗ്ഗളദ്രക്തമായ്
തെററിവിദൂരത്തെ ലക്ഷ്യമാക്കി

അബ്ഭടൻ വിദ്യുൽശലാകാപരീതമൊ-
രഭ്രപടലമായ് ഞെട്ടിവീണു.

* * * *

തൻ സഹജാതർ തൻ്റന്തരന്തരായിരം
വെൺതലയോട്ടുകൾ തിങ്ങും ഭൂവിൽ
കാലമവൻെറ തലയോട്ടും നാലഞ്ചു
നാളുകൊണ്ടപ്പിച്ചു; വെൺപൂപോലെ!

* * * *

അത്തലയോടിന്മേലദ്യ വിഭാതാഭ
തത്തുന്ന രക്തപതാകാച്ഛലാൽ
"തീവ്രപ്രതികാരം ചെയ്യുമീ ഞങ്ങളെ"-
ന്നാവ്യക്തമോരോ തലയോട്ടും താൻ-
മന്ത്രിക്കും പോലല്ലീ? പ്രത്യുഷഃമാരുതൻ
ചിന്തുന്ന റഷ്യയിൽ നിന്നാഗതൻ.

(By. ഗന്ധർവ്വൻ)

# നാലു്

(കേശവദേവിൻെറ ഇൻസ്പിറേഷനിൽകൂടി ഒരു ചെറുകഥ)

## I

തെങ്ങോല മെടഞ്ഞു മറച്ചുകെട്ടിയ ഒരു ചെററക്കുടിൽ. മുററത്തു തൊണ്ടുതല്ലുന്ന മുട്ടിയും ഒരു കൂനപോലെ ചകിരിച്ചോറും കിടക്കുന്നു. എങ്ങും വല്ലാത്തദുർഗ്ഗന്ധം. അന്തിക്കാററു് മുററത്തെ ചെന്തെങ്ങിൻെറ മടൽ പിടിച്ചു കുലുക്കുന്നു.

'കുഞ്ഞിട്ടലി' കുളികഴിഞ്ഞു ഈറൻ തുണി വേലിയിൽ ഇട്ടിട്ടു് ഒരു കീറിപ്പറിഞ്ഞ കച്ചത്തോർത്തുമാത്രം അരയിൽ ചുററികൊണ്ടു പോക്കുവെയിലുമേററു് അവിടെ കുത്തിയിരിക്കയാണു്. മുക്കാലും കൊഴിഞ്ഞുപോയ ചപ്രത്തലമുടി തല്ലിക്കുടഞ്ഞ ചകിരിത്തുരുമ്പുപോലെ 'പാറുപറാ' തലയിൽ പാറിക്കിടക്കുന്നു. എതിരേയുള്ള കൈത്തോടിൻെറ വക്കിൽ നില്ക്കുന്ന കണ്ടൽച്ചെടിയുടെ കൊമ്പിൽ ഇരുന്നുകൊണ്ടു് ആ കഴുത്തുവെളുത്ത കരപ്പുറം കാക്ക 'കോ കാ" എന്നു വിളിച്ചുതുടങ്ങി.

"അമ്മായീ! ഇന്നു വിരുന്നുണ്ടെന്നാതോന്നുന്നെ"

ചെററക്കകത്തുനിന്നും ഒരു ശബ്ദം പുറത്തേയ്ക്കുവന്നു.

"വരട്ടെ! അതിനു ഞാനെന്നാവേണം?" ഒരു ദീർഘ

നിശ്വാസമായിരുന്നു അതിനു മറുപടി. കുറേനേരത്തേയ്ക്കു് ആരും ഒന്നും മിണ്ടിയില്ല.

കാക്ക വീണ്ടും കരഞ്ഞു. അല്പം കഴിഞ്ഞു് അതു് മറെറവിടേയ്ക്കോ പറന്നു പോയി.

മുൻവശത്തെ ഏലായുടെ വരമ്പിൽകൂടി ആരോ ഒരാൾ അങ്ങോട്ടു നടന്നു വരുന്നു. കുഞ്ഞിട്ടിലി അതുകണ്ടു തിട്ടക്കത്തിൽ ഉണങ്ങാനിട്ടിരുന്ന ഈറൻ വസ്ത്രം എടുത്തുടുത്തു. അറുപതു കഴിഞ്ഞ ആ കിഴവിക്കും നാണം!

ഖദർജൂബായും ഗാന്ധിത്തൊപ്പിയും ധരിച്ച സുമുഖനായ ഒരു യുവാവു മുററത്തു കയറി. വൃദ്ധ അയാളെ മിഴിച്ചുനോക്കി.

"എന്നെ മനസ്സിലായില്ലേ?" ആഗതൻ ചോദിച്ചു.

"പിള്ള ഏതാ? എവിടന്നു വരുന്നു?"

"ഇതു തന്നെ അല്ലേ, കൈതക്കുഴിയിലെ വീടു്?"

"അതെ. അതെ. 'കുട്ടിപ്പാറുന്നെ' കാണാൻ വന്നതായിരിക്കും, അല്ലേ? അവളകത്തൊണ്ടു് അങ്ങോട്ടു ചെന്നാട്ടെ."

അകത്തു കുപ്പിവളകളുടെ കിലുങ്ങുന്ന ഒരു ശബ്ദം; ആ യുവാവിൻെറ ശരീരം കോൾമയിരണിഞ്ഞു.

വായിൽ ഒരു കനത്ത സാധനവും കടിച്ചു തൂക്കിക്കൊണ്ടു് ഒരു മുറിവാലൻപട്ടി മുററത്തേയ്ക്കുകയറി. അപരിചിതനായ ആ യുവാവിനെ കണ്ടിട്ടെന്നപോലെ അതു പറമ്പിലേയ്ക്കു് ഓടാൻ തുടങ്ങി.

"ഇമ്പോ ഇമ്പോ"– ആ വൃദ്ധ കൈ ഞൊടിച്ചുകൊണ്ടു് അതിനെ വിളിച്ചു. പട്ടി അടുത്തുവന്നു.

"എന്താണ് ഇതിൻെറ വായിലിരിക്കുന്നതു്?" യുവാവ് അത്ഭുതത്തോടുകൂടി ആരോടെന്നില്ലാതെ ചോദിച്ചു. അയാൾ സൂക്ഷിച്ചുനോക്കി: പുറം തൊലി മുഴുവൻ ചീന്തു കഴിഞ്ഞിട്ടില്ലാത്ത ഒരു മനുഷ്യശിരസ്സ്!

"അയ്യോ!" ഒരു ഞെട്ടലും നിലവിളിയും. പട്ടി കുരയ്ക്കാൻ വാപൊളിച്ചു.

"ച്ഛെ! പട്ടി!" വൃദ്ധ അതിനെ ശാസിച്ചു. അതു മുറുമുറുത്തുകൊണ്ടു് അവിടം വിട്ടു.

"ഇതാരുടേയോ തലയാണല്ലോ!" യുവാവ് അതിൽ സൂക്ഷിച്ചു നോക്കിക്കൊണ്ടു പറഞ്ഞു.

"പേടിക്കാനൊന്നുമില്ല." വൃദ്ധ കൂസൽ കൂടാതെ അയാളെ സമാധാനിപ്പിച്ചു. ഇവിടത്തെ ആ പട്ടിക്കു് ഇതേ തൊഴിലുള്ളു. ഈ പറമ്പു നിറയെ ആയിക്കഴിഞ്ഞു."

"ഇവിടെ അടുത്തു ശ്മശാനമുണ്ടോ?" അയാൾ ഒന്നും അറിയാത്തവനെപ്പോലെ ചോദിച്ചു.

"അപ്പോൾ കുഞ്ഞു് ഈ ദിക്കുകാരനൊന്നുമല്ലേ? ഇവിടെ ഈയിടെ നടന്ന കോലാഹലമൊന്നും കേട്ടില്ലേ?"

"ഓ! വയലാറിലെ കൂട്ടക്കൊല!"

"തൊട്ടടുത്താണ് ആ കുരുതിക്കളം. പിള്ള ആ വഴിക്കായിരിക്കയില്ലല്ലോ പോന്നതു്? നാറീട്ടു് അതിലേ നടക്കാൻ മേല. വഴിനീളെയാണു ശവങ്ങൾ കിടക്കുന്നതു്."

"പാവപ്പെട്ട തൊഴിലാളികളോടുള്ള മുതലാളികളുടെ പകവീട്ടൽ!" അയാൾ സഹതാപം നടിച്ചു.

"ആ കഥ ഒന്നും വിസ്തരിക്കല്ലേ! എൻെറ ചങ്കു തകരുന്നു." അവരുടെ കണ്ണിൽ വെള്ളം നിറഞ്ഞു കണ്ഠം ഇടറി.

"എന്താ! കരയാൻ തുടങ്ങുന്നതു്?"

കുറേനേരത്തേയ്ക്കു് ആ സ്ത്രീ ഒന്നും മിണ്ടിയില്ല. യുവാവും വിഷമിച്ചു. ഒടുവിൽ അവർ മുഖം തുടച്ചുകൊണ്ടു പറഞ്ഞു:

N-376

"എൻെറ പിള്ളേ! പിള്ളേരു നാലെണ്ണത്തിനേം കുരുതി കൊടുത്തിട്ടിരിക്കയാണു ഞാൻ. എൻെറ ഒരു തലേലെഴുത്തു്! മൂത്തവൻെറ കെട്ടിയവളാണു് കൂട്ടിപ്പാറു. അവളേ എനിക്കു് ഒരു രക്ഷയുള്ളു. ആ പെണ്ണിൻെറ മിടുക്കുകൊണ്ടും നിങ്ങളെപ്പോലുള്ളവരുടെ കാരുണ്യംകൊണ്ടും പട്ടിണികൂടാണ്ടു കഴിയുന്നു."

അവൾ അറിയാതെതന്നെ ഒരു നെടുവീർപ്പുയന്നു.

ചെററയ്ക്കുള്ളിൽ വീണ്ടും ഒരു വളകിലുക്കം. യുവാവിൻെറ കാലുകൾ അയാളറിയാതെതന്നെ ഇളകിത്തുടങ്ങി. കുഞ്ഞിട്ടൂലി പറമ്പിൽ കെട്ടിയിരുന്ന പശുവിനെ അഴിക്കാൻ നടകൊണ്ടു. ഇരുളിൻെറ പടുതാ വീണു.

## II

രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു പട്ടികൾ പറമ്പിൽ കടിപിടികൂട്ടി. കുഞ്ഞിട്ടൂലി പുറംതിണ്ണ

യിൽ ഒരു കീറപ്പായിൽ കിടന്നു ക്രൂക്കം വലിക്കുന്നു. അകത്തു പൊറുപൊറുപ്പും വളകിലുക്കവും. അല്പസമയം കഴിഞ്ഞപ്പോൾ വിളക്കണഞ്ഞു.

മങ്ങിയ നിലാവെളിച്ചം! പട്ടി കൊണ്ടിട്ടിരിക്കുന്ന ആ തലയോട്ട മുററത്തുതന്നെ കിടക്കുന്നു. അതു ക്രമേണ ചലിച്ചുതുടങ്ങി. എന്തൊരത്ഭുതം! അതാ അതുയരുന്നു; ഒരു മനുഷ്യാകൃതിയായി മാറുന്നു. മന്ദം മന്ദം നടന്നു് അതു് കുഞ്ഞിട്ടിലിയുടെ സമീപത്തെത്തി.

"അമ്മേ!" ആരോ തന്നെ വിളിച്ചതുപോലെ തോന്നുകയാൽ ആ സ്ത്രീ പിടഞ്ഞെഴുന്നേററു. തന്റെ മകൻ നീലാണ്ടൻ അതാ മുന്നിൽ നില്ക്കുന്നു. അവൾക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ വൃദ്ധ കണ്ണുമിഴിച്ച് അയാളെ നോക്കി.

"അമ്മേ! ഇതുഞാൻതന്നെ, 'നീലാണ്ടൻ.' നമ്മുടെ മുറിവാലൻ പകലേ ഇവിടെ കടിച്ചുതൂക്കിക്കൊണ്ടുവന്ന തല എന്റേതുതന്നെയാണ്. അവൻ എന്തൊരു നന്ദിയുള്ള പട്ടി. അനുജന്മാരുടെ തലയോട്ടുകളും അവൻ നേരത്തെതന്നെ ഈ പറമ്പിൽ കൊണ്ടിട്ടിട്ടുണ്ട്. പക്ഷേ അമ്മയ്ക്കതു തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല. ഞങ്ങളാരും മരിച്ചിട്ടില്ലെന്നു പറഞ്ഞാൽ അമ്മ വിശ്വസിക്കയില്ലായിരിക്കാം. എന്റെ അമ്മേ! എന്റെ പ്രിയപ്പെട്ട അമ്മേ! പട്ടിണിയോട്—പണക്കാരോട്—പടവെട്ടി രക്ഷനേടുവാൻ നോക്കിയ ഈ നാട്ടിലെ നിരാശ്രയരായ തൊഴിലാളികളുടെ ആ അഗ്നിപരീക്ഷയിൽ ഞങ്ങൾ തല്ക്കാലം പരാജയമടഞ്ഞിരിക്കാം. ഈ പിൻവാങ്ങൽ മുന്നോട്ടുകുതിക്കാനുള്ള ആയം കൂട്ടാനാണുപകരിക്കുന്നതു്.

തൊഴിലാളികളെ ഞെക്കിപ്പിഴിഞ്ഞു തടിച്ച മുതലാളി ത്തത്തെ തട്ടിത്തകക്കാതെ ഞങ്ങൾ അടങ്ങുകയില്ല. അമ്മേ! ദാരിദ്ര്യത്തിന്റെ തീവ്രത നാം നല്ലവണ്ണം അറിഞ്ഞവരാണ്. ഈ നാട്ടിലെ സകല തൊഴിലാളികളും സഹിക്കാവുന്നതു മുഴുവൻ സഹിച്ചു. അതിനുശേഷമാണ് വിപ്ലവത്തിനൊരുങ്ങിയതു്. പക്ഷെ കാലം പിഴച്ചു പോയി. ലോകം ഞങ്ങൾക്കു പിൻതുണ നൽകുമെന്നു വിചാരിച്ചു. മുതലാളികളുടെ വീഞ്ഞുകുപ്പി എല്ലാവരേയും തല തിരിച്ചുകളഞ്ഞു. ഞങ്ങൾ പീരങ്കികൾക്കു ഇരയായി." ഒരു ദീർഘനിശ്വാസം വായുവിൽ അലിഞ്ഞു ളക്കി.

ഇട്ടൂലിക്കും എന്തൊക്കെയോ പറഞ്ഞാൽ കൊള്ളാമെന്നു തോന്നി. എന്നാൽ അവളുടെ തൊണ്ടവരണ്ടിരുന്നതിനാൽ ശബ്ദം വെളിയിലേയ്ക്കു വന്നില്ല. നീലാണ്ടൻ തുടന്നു: "അമ്മേ! ഒരു ദരിദ്രനും, അവൻെറ അഭിമാനം ചവിട്ടിഞെരിക്കാൻ തുടങ്ങുന്നതു പരമദുസ്സഹമായിരിക്കും. കുട്ടിപ്പാറു! ഹാ! അവളുടെ, കഥ!—ഞാൻ ജോലിചെയ്തു വന്ന ഫാക്ടറിയിലെ മുതലാളിയുടെ മാംസദാഹം അവളുടെ ചാരിത്രത്തെ കടിച്ചു ചീന്തുവാൻ പരിശ്രമം നടത്തിയ ആ പഴയകഥകൾ—അമ്മ പക്ഷെ, അതു് അറിഞ്ഞിരിക്കയില്ല. ഞാൻ അയാളുടെ ദുർമ്മദാന്ധതയ്ക്കു തല കുനിക്കാതിരുന്നതുകൊണ്ടു് ഫാക്ടറിയിലെ എൻെറ ജോലി നഷ്ടപ്പെട്ടു. പിന്നീടു നാമനുഭവിച്ച വിഷമതകൾ,പട്ടിണിയോടുള്ള ആ പടവെട്ടൽ, തൊഴിലാളികൾ ഒന്നുചേന്നു മുതലാളിത്വത്തെ തകക്കാൻ നടത്തിയ ആ ഉഗ്രസമരം...ഞാൻ അധികമിനി വിസ്തരിക്കുന്നില്ല.

നിങ്ങളെ നിരാശ്രയരാക്കിയിട്ടു ഞങ്ങൾക്കു പിരിയേണ്ടി വന്നു."

ഇട്ടലി ഒരു ജീവച്ഛവംപോലെ നിന്നതേയുള്ളു. അമ്മേ! ആ നീചന്മാർ നമ്മുടെ സർവസ്വവും അപഹരിച്ചു. ഇന്നത്തെ നിങ്ങളുടെ കഷ്ടസ്ഥിതികണ്ടു് എന്റെ ഹൃദയം തകരുന്നു. എന്റെ കുട്ടിപ്പാറുവിന്റെ ചാരിത്രം കൂടി പരസ്യമായി വില്ക്കുവാൻ ഇടവരുത്തിയ ദയനീയാവസ്ഥ–അമ്മേ! ഞാനവളെ കുററം പറയുന്നില്ല. ദാരിദ്ര്യം ഇതിൽ കൂടുതലും മനുഷ്യനെക്കൊണ്ടു ചെയ്യിക്കും. ഇന്നിവിടെ വന്ന ആ സുന്ദരവിഡ്ഢി—ഏറിയകാലമായി എന്റെ ഭാര്യയുടെ പുറകെ കാമാന്ധനായി ചുററിക്കൂടിയ ആ കാമക്രൂരൻ—അവൻ ആരെന്നമ്മയ്ക്കറിയാമോ? ആ മുതലാളി—ഞാൻ ജോലിചെയ്തു പോന്ന കയററു കമ്പനിയുടെ ഉടമസ്ഥൻ—അവന്റെ ആഗ്രഹം ഇന്നു സാധിച്ചു. എന്നാൽ അവന്റെ അവസാനവും ഇന്നു തന്നെയാണു്. ഞാൻ—ഞാൻ— ഈ നീലാണ്ടൻ അവനോടു പ്രതികാരം ചെയ്യും."

അയാളുടെ കണ്ണുകളിൽനിന്നു അഗ്നിജ്വാലകൾ നാലുപാടും ചിതറുന്നതായി തോന്നി.

"അയ്യോ! നീലാണ്ടാ! നീലാണ്ടാ! എന്റെ പൊന്നു മകനേ!" വൃദ്ധ ഉച്ചത്തിൽ നിലവിളിച്ചു.

ആ ശബ്ദം അകത്തുകിടന്നിരുന്നവരുടെ സൈ്വരതയെ ഭഞ്ജിച്ചു. ഒരു സംഭ്രമത്തിന്റെ കൊടുങ്കാററു് ആ ചെററയ്ക്കുള്ളിലും ഉയർന്നു. യുവാവു പിടച്ചെഴുന്നേററു് ഓലമെട്ടയും തട്ടിത്തകർത്തുകൊണ്ടു വെളിയിലേയ്ക്കൊരു

രു ചാട്ടം. ചാരക്കൂട്ടിൽ കിടന്നിരുന്ന പട്ടി കുരച്ചുകൊണ്ടു അയാളുടെ കാലിൽ പിടികൂടിക്കഴിഞ്ഞു "അയ്യോ! അയ്യോ!" ഉച്ചത്തിൽ ഒരു നിലവിളി. അയാൾ ഓടാൻ തുടങ്ങി. കഷ്ടകാലത്തിനു മുററത്തുകിടന്നിരുന്ന ഏതോ ഒരു കനത്ത സാധനത്തിൽ കാൽതട്ടി 'തിടിനോന്നു' കമഴ്ന്നടിച്ചു് അതാ കിടക്കുന്നു. പട്ടി കാലിലെ കടി മുറുക്കി. പ്രാണവേദനയോടെ അയാൾ വീണ്ടും നിലവിളിച്ചു.

ബഹളംകേട്ടു വൃദ്ധ ഉണർന്നു; മുററത്തേയ്ക്കു പിടഞ്ഞിറങ്ങി. "നീലാണ്ടാ നീലാണ്ടാ!" അവർ സംഭ്രമത്തോടെ നിലവിളിച്ചുകൊണ്ടു ചുററുപാടും നോക്കി നീലാണ്ടനെ എവിടെ കാണുന്നു? താൻ സ്വപ്നം കണ്ടതാണെന്നു് അപ്പോഴേ അവക്കു ബോദ്ധ്യമായുള്ളു. എങ്കിലും ആ തല, തലേദിവസം മുറിവാലൻ പട്ടി കടിച്ചുതൂക്കിക്കൊണ്ടുവന്നതു് തൻെറ തലയാണെന്നുള്ള മകൻെറ വാക്കുകളെ സ്മരിച്ചപ്പോൾ, ഒന്നുകൂടി കാണണമെന്നു ആ മാതാവിനാഗ്രഹമുണ്ടായി. "കുട്ടിപ്പാറു കുട്ടിപ്പാറു" അവർ മകളെ വിളിച്ചു. ഒരു തകരവിളക്കും കൊളുത്തിപ്പിടിച്ചുകൊണ്ടു് ആ യുവതി അമ്മായിയുടെ അടുക്കലേയ്ക്കുവന്നു. പട്ടിയുടെ മുറുമുറുപ്പുകേട്ടു അവർ വിളക്കുയർത്തിനോക്കി. ആരോ അവിടെ വീണുകിടക്കുന്നു. അവർ അടുത്തുചെന്നു ഹാ! അവിടെ കണ്ടകാഴ്ച! സർവ്വത്രരക്തം! ആ വകതിരിവില്ലാത്തനായെ അവർ ആട്ടിഓടിച്ചു. മുറിവിൽനിന്നും ചോര അപ്പോഴും വാർന്നുകൊണ്ടിരുന്നു. തൻെറ മകൻെറ തലയുടെ അടുത്തു് നിശ്ചേഷ്ടമായി കിടന്നിരുന്ന ആ

മൻഷ്യശരീരത്തെ വൃദ്ധ സൂക്ഷിച്ചുനോക്കി. തലേന്നുവന്ന അതിഥിതന്നെ! തൊണ്ടുതല്ലാനിട്ടിരുന്ന കരിങ്കൽ കഷ്ണത്തിൽതട്ടി അയാളുടെ തല തകൎന്നിരുന്നു. ശ്വാസമുണ്ടോ എന്നു വൃദ്ധ പരിശോധിച്ചു, അവരുടെ മുഖം പരിഭ്രമത്താൽ വിളറി.

"അയ്യോടീ! പെണ്ണേ! ചതിച്ചുകളഞ്ഞല്ലോ"— മാറത്തു കയ്‌വച്ചു കുഞ്ഞിട്ടുലി മകളുടെ മുഖത്തേയ്ക്കു ദൃഷ്ടിപായിച്ചുകൊണ്ടു് ആക്രോശിച്ചു. അവരം നിശ്ചേഷ്ടയായി നിന്നതേയുള്ളു.

പിറേറന്നു വയലാറിലെ ശവക്കുഴിയിൽ പുതിയ ഒരു മൃതശരീരം കണ്ടുമുട്ടുകയാൽ നായ്ക്കൾ ആഹ്ളാദഭരിതരായി നീങ്ങിക്കൂടി.

(By സുന്ദരം)

## അഞ്ച്

(ജി. ശങ്കരക്കുറുപ്പ് എഴുതുകയാണെങ്കിൽ?)

നിന്നുപോയ് മണൽക്കുന്നി
        ലൊന്നി,ലാവയലാററിൽ
ചെന്നഞാൻ;—അടുത്തതാ
        കാക്കകൾപറക്കുന്നു.
എരിയുംഗ്രീഷ്മാർക്കൻെറ
        തീക്കനൽക്കുളോപ്പപ്പോ—
ളരികേകായൽക്കോളി—
        ലിളകുംമട്ടിൽകാണായ്.
ശുഷ്കിച്ചുകുടംപോയ
        തെങ്ങുകൾനിഴൽനീട്ടി-
നില്ക്കുന്നു;നിരാശർതൻ
        നട്ടെല്ലിൻനിരപോലെ.
അന്തിവെൺമേഘങ്ങളാം
        ചകരിക്കെട്ടുംപേറി
യങ്ങിങ്ങുവിൺവീഥിയിൽ
        ചുററുന്നതാരായീടാം?
ക്രൂരമാംപീരങ്കിതൻ
        വായിലൂടദൃശ്യരായ്
പോയവർ;-ഈനാട്ടിലെ
        കൂലിക്കാർ: പണിക്കാരർ!!

അവർതൻകഥയോക്കെ—
യെൻമനംനിഷ്പന്ദമായ്
പവിയാലാത്മാവാരോ
കീറുന്നമട്ടായ് തോന്നി.
പന്നിയെക്കാട്ടാളന്മാ—
രെന്നപോൽ പാവങ്ങളെ-
ക്കൊന്നതിസ്ഥലത്തുവ-
ച്ചില്ലയോ പട്ടാളക്കാർ?
ഉദ്ധതമായീടുമം-
സ്വേച്ഛാധിപത്യത്തിൻെറ
മത്തിന്റെ പന്താട്ടവാ—
നിസ്ഥലംകളിത്തട്ടായ്
ഇന്നിണക്കളത്തിൽകാൽ
താണുതാണെൻബുദ്ധിക്കു
നിന്നിടംവിട്ടെങ്ങോട്ടും
നീങ്ങുവാൻകഴിയാതായ്.
ഒട്ടുദൂരത്തതാ കാണ്മൂ
പട്ടികൾ നക്കിത്തോർത്തും
പൊട്ടിയ തലയോടിൻ-
ഖണ്ഡങ്ങൾ, ബീഭത്സങ്ങൾ!
മൂകമായലറുന്നുണ്ടായവ;
കൊട്ടുങ്കാററിൻ-
ഭീകരധ്വാനംപോലെ;
കേട്ടുഞാൻ ഞെട്ടിപ്പോയി

അസ്ഫുജ്ജനത്തിൽ ഭാഷ-
        യവ്യക്തമാണെന്നാലും
നിശ്ശ്ളിച്ചതിൽനിന്നീ
        വ്യംഗ്യമാമത്ഥംതാനേ.
"മേലാളരായുള്ളോരേ!
        നിങ്ങൾതൻ വിത്തപ്രൗഢി
നാളെയ്ക്കുമിതുപോലെ
        നില്ക്കുമെന്നോർത്തിടേണ്ട."
പല്ലുകളടരാത്തൊ-
        രത്തലയോടിൻ മുഖം
വല്ലാത്ത കൊലച്ചിരി
        പൂണ്ടതായ് കണ്ടേനപ്പോൾ.
"മാളിക, മുതലാളി-
        മാരുടെ തന്നിത്തങ്ക-
മാളിക, മാനത്തങ്ങു
        മുട്ടുമാറുയരട്ടെ!
ചാളകൾ, തൊഴിലാളി
        വർഗ്ഗത്തിൻവെറും ചെററ-
ച്ചാളകൾ, ചിതൽമണ്ണായ്
        എങ്ങുമേമാഞ്ഞീടട്ടെ.
ഉദ്ധതഭൃതങ്ങളേ!
        നിസ്വർതൻ ചുടുരക്ത-
മെത്രമേൽ കുടിച്ചാലും
        തീരുകില്ലെന്നോദാഹം?

പോരുമേ, പോരും പോരും,
    ക്രുത്താടൽ, ലോകംനിങ്ങടം
തീറുവാങ്ങിയതല്ല,
    പൈതൃകമല്ലോത്തീടിൻ.
മുഷ്കര! ചിന്തിക്കേണ്ട,
    സർവ്വം ജയിച്ചെന്നായ്
ഇക്രൂട്ടക്കൊലകൊണ്ടി-
    ക്കൊടുങ്കാററൊട്ടുങ്ങില്ല.
നിങ്ങടംതൻ ദൗഷ്ട്യത്തിന്റെ-
    നീചമാം ധൗഷ്ട്യത്തിന്റെ-
ചങ്ങലക്കെട്ടിൽപോലും
    വിപ്ലവം നിലയ്ക്കില്ല.
തകരാൻ തുടങ്ങിപ്പോയ്
    മേടകളൊന്നൊന്നായി
പകരംവീട്ടുംഞങ്ങൾ;
    കേവലം കപോലങ്ങടം.
ആരുടെ കരാസ്ഥികൾ;-
    ളാരുടെ ചുടുചോര;-
ആരുടെ മാംസം;- ദേഹ;-
    മല്ലല്ല പ്രാണൻപോലും,
ക്രൂരതേ! നിന്നൊപ്പോററി
    യിത്രമേൽ?-അവരുടെ-
ആ രണശൂരന്മാർതൻ
    തലയോട്ടുകടം ഞങ്ങടം.

ഇന്നൊരു ചെറുതെന്നാൽ,
        എങ്കിലും നാളേയ്ക്കുള്ള
മന്നിടംവിറപ്പിക്കാ-
        നുയരുംകൊട്ടുകാററായ്.
പൊക്കേണ്ടതലയൊന്നു-
        മിത്രമേൽമേല്പോട്ടേയ്ക്കു,
ദുഷ്ക്കാലംമേലാളരേ!
        നിങ്ങളെത്തലോടാറായ്.
ഛിന്നങ്ങളായിട്ടിങ്ങു
        നിങ്ങൾതൻചതിയേററു
ഛിന്നരായ്കിടക്കവേ
        ഞാണിവരെന്നാകിലും
ഒന്നായിന്നുയിരിട്ടു
        വീറോടേ കുതിച്ചീടും
മുന്നോട്ടു; സമത്വത്തിൻ
        ചെങ്കൊടിപറത്തീടാൻ."
അറബിക്കടലപ്പോ
        ളാർത്തിരമ്പീടുംനാദം
വിറകൊള്ളിച്ചു പാരം
        പാർശ്വസ്ഥവൃക്ഷങ്ങളെ
വള്ളയുംതെങ്ങിൻക്രമ്പു
        കണ്ടുഞാൻ, നിണച്ചാർത്താ-
ന്നിളകുമരിവാളായ്,
        സായാഹ്നഭാസ്സിൽപൊങ്ങി.

കേൾക്കയായ് ജംബുകങ്ങ
ളോലി'യിട്ടീടും നാദം
പോക്കോരുങ്ങീടാനുള്ള
കാഹളം വിളിപോലെ
നില്ക്കുവാൻ കഴിഞ്ഞീല
വീണ്ടുമാരംഗം കണ്ടു,
മൽക്കലാഹൃദയത്തോ-
ടൊത്തുഞാൻമടങ്ങിപ്പോയ്

(By സുന്ദരം)

---

# ആര്

(കെ. സരസ്വതിഅമ്മയുടെ "ഭവനാഭാജനം" നിറഞ്ഞുള്ള നൃകയാമണങ്കിൽ)

ആ പട്ടാളക്കാർ ഒരു യുവതിയെ പിടിച്ചു വലിച്ചിഴക്കുകയാണ്. ചെന്നായ്ക്കൾ! അവർക്കുമുണ്ട് അമ്മയും പെങ്ങന്മാരും ഭാര്യമാരും കഷ്ടം,! അവരും പൗരുഷമൂർത്തികളായ യുവാക്കളാണ്.

അവൾ അവരുടെ ഇടയിൽ കിടന്ന ഒരു നായ്ക്കുട്ടിയെപ്പോലെ നിസ്സഹായമായി മോങ്ങി. എന്തു ഫലം? അവരവളെ വിട്ടില്ല. വയലാറിലെ ആ പൊരിമണൽക്കാട് ആ നിഷ്ഠുരകൃത്യത്തിനും സാക്ഷിനിന്നു.

അവരവളെ അടുത്തുള്ള ഒരു ‘ചെററ’യിലേക്കു വലിച്ചിഴച്ചു. നിഷ്ഠുരമായി, ബീഭത്സമായി ആ കൃത്യങ്ങൾ നടന്നു.

അവളുടെ ശവശരീരം വെളിയിലേക്കു വലിച്ചെറിയപ്പെട്ടു.

* * * * * *

അങ്ങിനെയുള്ള നിരവധി ശവശരീരങ്ങളുടെ ഇടയ്ക്കാണ് അതുവന്നുവീണത് അമ്മയും പെങ്ങളും ആങ്ങളയും അച്ഛനും ദേശാഭിമാനത്തിനുവേണ്ടിയുള്ള ആ സമരത്തിൽ അവിടെങ്ങും ചത്തുകിടപ്പുണ്ട്. ചീഞ്ഞ

ഴിഞ്ഞു്, തലപൊട്ടി, മാറുതകൎന്നു് മുഖം കരിഞ്ഞു അങ്ങിനെ ചിതറിക്കിടക്കുന്നു.

അതാ വീണ്ടും ഒരുക്കൂട്ടം പട്ടാളക്കർ ഒരുവളെ വലി ച്ചിഴച്ചുകൊണ്ടു വരുന്നു. "എന്നെ വിടണേ, വിടണേ" എന്നു അവൾ നിസ്സഹായമായി നിലവിളിക്കുന്നുണ്ടു്. പക്ഷെ, ആരതു കേൾക്കാൻ? അങ്ങിനെ വീണ്ടും വീണ്ടും!

ആ ചെററക്കൂടിൽ അത്തരം എത്ര ബീഭത്സമരണ ങ്ങൾക്കു സാക്ഷിനിന്നോ എന്തോ?

*     *     *     *     *     *

സമയം സായാഹ്നത്തോടടുക്കുന്നു. അലകുപാരയും കുന്തങ്ങളും കുറുവടികളുമായി ആദേശീയഭടർ അവരുടെ ക്യാമ്പുകളിലേക്കു മടങ്ങുകയാണു്. അന്നത്തേയും സമരം തികച്ചും പരാജയമായിരുന്നു എന്നവൎക്കു ബോധമുണ്ടു്. ആ വിരിച്ചൊരു മൂകതയിൽ അവർ തൂങ്ങിയിഴഞ്ഞു ആ മണൽക്കുന്നുകൾ കയറുകയാണു്.

ചക്രവാളം കരിമുടികൾക്കിടയിൽ രക്തത്തിലങ്ങിനെ മറിഞ്ഞുകിടക്കുന്നു. ആകാശത്തിന്റെ ഒരു കോണിൽ നാലഞ്ചു നക്ഷത്രങ്ങൾ സ്ഫുരിച്ചിട്ടുണ്ടു്.

അവരുടെ ക്യാപ്റ്ററൻ ആരോടെന്നില്ലാതെ ചോദിച്ചു:—

"പുന്നപ്രക്യാമ്പിൽനിന്നും എന്തെങ്കിലും അറിവു കിട്ടിയിട്ടുണ്ടോ?"

ഒരു മൂകത.

"ഒരു തൊഴിലാളിസഹോദരിയെ കാണാതെ പോയി എന്നു ആരോ പറയുന്നതു കേട്ടു", ഒരാൾ പറഞ്ഞു.

"പേർ?"

"കമല?"

വീണ്ടും ഒരു നിശ്ശബ്ദത!

"ഇന്നു നാം സമരത്തിനു പോന്നശേഷം നമ്മുടെ ക്യാമ്പുകളിൽനിന്നും എന്തെങ്കിലും അറിവു കിട്ടീയി ട്ടുണ്ടോ?"

"ഉണ്ടു്. നമ്മുടെ സ്ത്രീസേനാനികൾ ആരും തിരിച്ചു വന്നിട്ടില്ല."

"എന്തു് ആരും തിരിച്ചുവന്നിട്ടില്ലേ?
ഇതെപ്പോഴാണു് അറിവുകിട്ടിയതു്?"

"അല്പം മുമ്പേ".

ക്യാപ്റ്റൻ പെട്ടെന്നു സ്തംഭിച്ചുതിന്നപോയി. മററുള്ളവരും വിഗതചിത്തരെപ്പോലെ നിശ്ചലരായി നിന്നു.

അയാൾ കയ്യുയർത്തികൊണ്ടു ചോദിച്ചു.

"അതാ, ആ കായലോരത്തു കുറേ പട്ടാളക്കാർ റോന്തുചുററുന്നുണ്ടായിരുന്നില്ലേ?"

"ഉവ്വു്. അല്പം മുമ്പേയും അവിടെനിന്നും പുക ഉയ രുന്നതുകണ്ടു" ഒരാൾ പറഞ്ഞു.

ക്യാപ്റ്റൻ ദീർഘമായി ഒന്നു നിശ്വസിച്ചു.

"ഇവിടെയെങ്ങും ശവംകരിഞ്ഞ വാട പരന്നിട്ടു ണ്ടല്ലോ?

"വരൂ!—നമുക്കന്വേഷിക്കാം"

അവരാ മണൽക്കാട്ടുകളിലെങ്ങും നായ്ക്കളെപ്പോലെ അരിച്ചുകൊണ്ടോട്ടമായി. ഒരാൾ ക്യാപ്ടൻെറ മുന്നിലേയ്ക്കു എന്തോ വലിച്ചുകൊണ്ടുവന്നു.

"ഇതാരുടെ ശവം?"

"മുഖം നിശ്ശേഷം കരിഞ്ഞുപോയിരിക്കുന്നു. എങ്ങിനെ അറിയാൻ?"

"ഒരു സ്ത്രീയുടെ അല്ലേ?"

"ആയിരിക്കണം"

ഒരു മുക്കുത്തി!

മററൊരാം ഒരു കൈ എവിടെനിന്നോ വലിച്ചെടുത്തുകൊണ്ടുവന്നു. വേറൊരാൾ തലയില്ലാത്ത ഒരു ശരീരം! ഹാ!

അവിടൊക്കെ കാററത്തു തലനാരിഴകൾ പറക്കുന്നുണ്ടായിരുന്നു. ചീഞ്ഞും കരിഞ്ഞുമുള്ള മാംസത്തിൻെറ ദുർഗ്ഗന്ധം ദുസ്സഹമായിരുന്നു. മുൻദിവസങ്ങളിലെ സമരത്തിൻെറ അവശിഷ്ടങ്ങളായ ശവങ്ങൾ അവിടെയെങ്ങും തോലുപൊളിഞ്ഞും അഴുകിയും കൃമികളാൻറം നിരന്നുകിടന്നിരുന്നു. ചിലർ അവയിൽ ചിലതു വലിച്ചുകൊണ്ടുവന്നു.

ക്യാപ്ററൻ പറഞ്ഞു:—"നിൽക്കൂ! പുതിയ ശവങ്ങളെ തെരഞ്ഞുപിടിക്കൂ!"

അയാൾ തുടർന്നു:—"നമുക്കു അധികസമയമില്ല. ആ റോന്തുകാർ വരുംമുമ്പേ ഇവിടെനിന്നു പിൻവാങ്ങണം."

അയാൾ ഉദാസീനമായി ചോദിച്ചു:—

"ക്യാമ്പിൽ ഇന്നു ആഹാരത്തിന ശുദ്ധജലമെങ്കിലും കിട്ടിയിട്ടുണ്ടോ?"

ഒരാൾ മുന്നോട്ടു വന്നുപറഞ്ഞു:—"അതുണ്ടാവില്ല. വെള്ളംകൊണ്ടുവരാൻ പോയവളുടെ ശവശരീരമിതാ!" ക്യാപ്റ്ററനും മററുള്ളവരും ഉദ്വേഗത്തോടെ നോക്കി.

അതേ, രക്തക്കട്ടകളിൽ മുഴുകിക്കിടക്കുന്ന ഒരു തകന്ന കുട്ടി, അടുത്തൊരു സ്ത്രീരൂപം. ഏററവും ബീഭത്സമായ ഒരു കാഴ്ച!

"ഇതാ മറെറാരു ശവംകൂടിയുണ്ടു്" ഒരാരം വലിച്ചുകൊണ്ടുവന്നു.

ക്യാപ്റ്ററൻ മുന്നോട്ടുച്ചു നോക്കി:—

"കമല! അയ്യോ! എൻെറ പെങ്ങൾ!"

അയാരം ബോധമററു നിലത്തുവീണു. രക്തം പുരണ്ട തങ്ങളുടെ കീറത്തുണികൾകൊണ്ടു മററുള്ളവർ അയാളുടെ ചുററുംകൂടി, വീശി.

മണൽച്ചാക്കുകളുടെ പിന്നിൽനിന്നും തുരുതുരാ വെടി കേട്ടുതുടങ്ങി. പുകയും തീപ്പൊരിയും അവരുടെ കണ്ണിൽ പെട്ടു. ഓടി രക്ഷപ്പെടണമെന്നു അവക്കു തോന്നിയില്ല.

ആ അലകുപാരകളും കുന്തങ്ങളും ശേഷിച്ച ശക്തിയുമായി മുന്നോട്ടടുക്കാനും അവർ ഒരുങ്ങിയില്ല.

ആ പട്ടാളക്കാർ ഉത്സാഹഭരിതരായി മിഷ്യൻ തോക്കുവണ്ടികളും വലിച്ചിഴച്ചുകൊണ്ടു അവരുടെ മുന്നിലെത്തി. ആ മുഠാളന്മാരുടെ കയ്യിൽ തൂങ്ങിക്കിടന്നുകൊണ്ടു താഴെ അപ്പോഴും ഒരു സ്ത്രീ നിലവിളിക്കുന്നു.

അവളെ അവർ മുന്നോട്ടെറിഞ്ഞു. അവൾ കമലയുടെ ശവശരീരത്തിൽ തട്ടി നിലത്തുവീണു.

"കമലേ! എന്റെ മദിനി!" അവൾ ഉച്ചത്തിൽ നിലവിളിക്കൂട്ടി.

ഒരു വെടി. അവളുടെ ശിരസ്സു പൊട്ടിച്ചിതറി. "പ്രാണനാഥാ!" ഒരാക്രന്ദനം!

ആ ക്യാപ്ടന്റെ പാദങ്ങളിൽ കെട്ടിപ്പിടിച്ചുകൊണ്ടു അവൾ ചത്തുമലച്ചു.

ആ മുഠാളന്മാർ പൊട്ടിച്ചിരിച്ചു.

നാലഞ്ചു വെടികൾ കൂടി.

ഒരു രക്തപ്പുഴ ആഞ്ഞൊഴുകി.

---

(ഗന്ധർവ്വൻ)

ശ്രീകൃഷ്ണവിലാസം,
മലയിൻകീഴ്

## ഏഴ്,

(ചങ്ങമ്പുഴ ദിനദീനം മോങ്ങുകയാണെങ്കിൽ)

**അയൽനാട്ടകം:—**

തോഴി നീ! കരയേണ്ട
ഏറെനാൾ കഴിയുംമുൻ-
പൂഴി നിൻമഹിമക-
ളറിഞ്ഞുകൊള്ളും.
ധീരതാനികുഞ്ജങ്ങൾ—
ത്യാഗത്തിൻനിലയങ്ങൾ-
പൌരുഷതരംഗങ്ങൾ;
നിൻപുളകങ്ങൾ.
മായുകില്ലവയുടെ
മാൺപുററപ്രഭ,യേതു-
വായുവിലലകളെ
യിളക്കുകില്ല?
അഞ്ചിതഃമായിൽ'സാരി
ചുററിയപോൽവിളങ്ങും
പഞ്ചാരമണൽചിരി
പ്പിണങ്ങുംമാറിൽ
നീചാർത്തുംകപാലങ്ങ
ളെത്രമേലമൂല്യങ്ങൾ?

നീട്ടുററരത്താത്തിലും
മഹത്തരങ്ങൾ.

ഉന്മദമത്തമായ
വിത്തവികൃതിയുടെ

ധർമ്മവിധ്വംസനത്തിൻ
നിദർശനങ്ങൾ!

കാണാമിന്നോത്തൊരാൾക്കും,
നിന്നംഗസൗഭഗത്തിൽ

ശോണിതമൊഴുക്കീടും
ക്ഷതത്തിലൂടെ.

ഹന്ത! നീ നിരാശയാൽ
നീറാതെന്നൻപ്രിയസഖി!

ബന്ധുരവിഭാതം വ
ന്നടുത്തുപോയി.

നിൻകാളരാത്രിയുടെ
ദർപ്പശിരസ്സറുപ്പാൻ

നിർമ്മായമുണർന്നുപോയ്
ദിക്കുകളെല്ലാം.

തോഴി നീ! കരയേണ്ട
ഏറെനാൾകഴിയും മു-

ന്നൂഴിനിൻ മഹിമക
ളറിഞ്ഞുകൊള്ളും.

വയലാർ:—

സാന്ത്വനമുപിന്നമെ-
ന്നാത്മാർത്ഥസഖികളെ!

സാദരംകൃതജ്ഞത
പറഞ്ഞീടുന്നേൻ.
ആയിരമായിരമാ-
യെന്മക്കളഗതികൾ,
ആഹാരംപോലുമില്ലാ
തലഞ്ഞീടവെ-
നഗ്നതമറയ്ക്കാൻ
പാങ്ങില്ലാത്തപ്പാവങ്ങൾ
മഗ്നരായ് നിരാശയിൽ
കഴിഞ്ഞീടവെ-
ധൂർത്തരായ് സമൃദ്ധിതൻ
പത്തനമാർന്നമദ-
മത്തർതൻ മർദ്ദനത്താൽ
ദുസ്സഹരായി,
തങ്ങൾതന്നവകാശം
സാധിപ്പാനവർധീര—
മിങ്ങൊരുമഹായജ്ഞം
നടത്തിനോക്കി.
ആയിരമായിരമായ്
വീരശിസ്സുകളെ
ആഹുതിചെയ്തജ്ഞനി
സഫലമാക്കി.
ഇന്നഞാൻഹതഭാഗ്യ
യായിപ്പോയെന്നാകിലും,

ഇല്ലെനിക്കകതാരിൽ
നിരാശാലേശം.
എന്മാറിനണിയലാ,
യെന്മക്കളുയിലർന്നുലി—
ലിമ്മാലതലയോടാൽ
കോരത്തനിക്കേകി.
വീരജനിത്രിയെന്ന
പേരുംപെരുമയിലും
ആരണശൂരരെന്ന
വിശ്രുതയാക്കി.
ചെററമൺകുടിലുകൾ,
ചേറണിവയലുകൾ,
മററപ്പുൽമുളക്കാത്ത
വെളിയിടങ്ങൾ,
തൊണ്ടുകളഴുക്കുന്ന കുണ്ടുകൾ
കുററെത്തെങ്ങിൻ-
മണ്ടകളിവയാണെൻ
വിഭവജാലം,
എങ്കിലുമെനിക്കുള്ള നേട്ടങ്ങൾ
വിശിഷ്ടങ്ങൾ,
എന്നാളുംജഗത്തെന്നെ
മതിക്കുംന്തനം.
വീണടിഞ്ഞിവിടെഞാ
നിന്നഹാ! കിടപ്പൂ

കാണുകരസംതന്നെ
പണ്ണക്കാർക്കെല്ലാം.
പോരുമേ! തെളിഞ്ഞത്തു
വിത്തദുഷ്പ്രതാപമേ!
തീരുമീവിരുതെല്ലാം—
മുടനെതന്നെ.
ഇങ്ങുമന്മടിത്തട്ടിൽ
തങ്ങിടും ശിരസ്സുകൾ
ഭംഗിയിലൊരുങ്ങുന്ന
പകരംവീട്ടാൻ.
മൂകമായലറുന്നു,—ങ്ങളായവ-
യത്തുകേൾക്കാൻ
മൂഢതേ! നിനക്കിന്നു
കഴികയില്ല.
'വിപ്ലവ—മടങ്ങാത്ത വിപ്ലവം'
മുയിരിട്ടു
നില്പതു നിരീക്ഷിക്കാൻ
മിഴികളില്ല.
സാന്ത്വനമൂർച്ഛിതമൈ
ന്നാത്മാർത്ഥസഖിളേ!
സാദരം കൃതജ്ഞത
പറഞ്ഞീടുന്നേൻ!

---

(സുന്ദരം)

# എട്ട്

(പൊൻകുന്നം വർക്കി "തിരുമുൻകാഴ്ച" വയസ്സുക യാമണെങ്കിൽ, എങ്ങിനിരയാ അർബ്ബിതനാ)

തലയോട്ട്: കവേ! അങ്ങെന്നെ അറിയുമോ? ബെത്ലഹേമിലും കപിലവാസ്തുവിലും മക്കായിലും അങ്ങെന്നെയാണ് അന്ത ഭാവനകൊണ്ട് പൂവിട്ടർച്ചിച്ചതു്. വയലാറിലെ വറമണ്ണിൽകാലമെനിക്കു കളമൊരുക്കി. എവിടെവിടെ ബലിപീഠങ്ങളുണ്ടാകുന്നുവോ അവിടവിടെ ഞാൻ പ്രതിഷ്ഠിക്കപ്പെടുന്നു. ഞാൻ സുശക്തമായൊരു ഭാവിയുടെ അടിത്തറയുടെ ആദ്യകല്ലാണു്. വിപ്ളവങ്ങൾ ഊതിത്തെളിച്ചതാണ് എൻെറ ആകൃതി. പരിവർത്തനങ്ങളുടെ ഉരകല്ലാണ് ഞാൻ. ലോകശാന്തി എന്നിൽ മൊട്ടിട്ടുനില്ക്കുന്നു.

കവേ! എൻെറ രക്തം, എൻെറ മാംസം, എൻെറ മജ്ജ, തൊലി, എന്നെ ആവരണം ചെയ്തിരുന്ന ആ കാന്തി, അതൊക്കെ മാനവത്വത്തിൻെറ ഉന്നതിയിലെ പ്രകാശനാളങ്ങളായിരുന്നു. അവയൊക്കെ വെറും പ്രതിഭാസങ്ങളാം ലോകം അവയെ തിരിച്ചെടുത്തു കളഞ്ഞു.

പക്ഷേ, എൻെറ സർവ്വസ്വവും ഞാൻ നിസ്വാർത്ഥമായർപ്പിച്ച കൃതാർത്ഥത അടങ്ങിയിരിക്കുന്നു. എറിയപ്പെട്ട ഞാനും അടിമത്തത്തിൻെറ ആഴത്തെ അല്പം നികത്തിയിരിക്കുന്നു. അടിഞ്ഞുകൂടിയ അന്ധകാരത്തെ എൻെറ

വെണ്മകൊണ്ടു തെല്ലൊന്നു പുഞ്ചിരിപ്പിച്ചിരിക്കുന്നു. ദുർബ്ബലമായ പാവങ്ങളുടെ കോട്ടയെ എൻെറ ഉറപ്പേറിയ സാന്നിദ്ധ്യംകൊണ്ടു ഏതാണ്ടൊന്നു ബലവത്താക്കിയിരിക്കുന്നു. പാവങ്ങളുടെ ആ പ്രണയത്തിൽ, എൻെറ കിടപ്പുകൊണ്ടു ഞാനും ഒരു കോണിപ്പടി പ്രദാനം ചെയ്തിരിക്കുന്നു.

കവേ!

പാവങ്ങൾക്കു, തൊഴിലാളികൾക്കു, ഞാൻ ഒരാശാസ്തംഭമാണു്. എന്നെ അവർ സ്മരിക്കുന്നു. ഞാൻ അവർക്കൊരു സൂര്യഗോളമാണു് എൻെറ സാന്നിദ്ധ്യത്തിൽ അവർ ജ്വലിച്ചുയരുന്നു. എന്നിൽ അവരുടെ പ്രത്യാശകളുടെ കവാടങ്ങൾ എന്നെന്നേയ്ക്കും അടിഞ്ഞുകിടക്കുന്നു. ഞാനവരുടെ പുരോഗതിയുടെ മുദ്രയാണു്. എന്നിൽ അവരുടെ സമരോത്കണ്ഠയുരുന്നു കിണുങ്ങിച്ചിരിക്കുന്നു.

കവേ!

ഞാനീ വയലാറിൻെറ മൺതരികളാണു്. എന്നിൽ ജ്വലിക്കുന്നതായി എന്തെങ്കിലുമുണ്ടെങ്കിൽ അതീവയലാറിൻേറതു്. ദീക്തി അതീവയലാറിൻേറതാണു്. എന്നിൽ തരിച്ചുനിന്ന ആ ഞരമ്പുകളിൽ വയലാറിലെ ഈ വഴിത്താരകൾ ഒളിഞ്ഞുനിന്നിരുന്നു, എന്നിലൊഴുകിയ ചുടുചോരയിൽ വയലാറിലെ ഈ കാഞ്ഞ കായൽവെള്ളം കലന്നിരുന്നു. എൻെറ ജീവൻെറ ചൂടു് ഈ വയലാർമണ്ണിലെ മീനവേനലായിരുന്നു. അതേ, എൻെറ ഉണവു് ഈ നാട്ടിൻെറ സർവ്വസ്വത്തിൽ നിന്നും ഫലനിഭവിച്ച ഒരു ധൂമികമാത്രമായിരുന്നു.

കവേ!

ഞാനീ വയലാറിലെ പട്ടിണിയായിരുന്നു, പശിയായിരുന്നു, പനിയായിരുന്നു. വയലാറിൻെറ വറുതിയിൽ ഞാൻ മെററിട്ടു. വയലാറിൻെറ കണ്ണീരിൽ ഞാൻ വിടർന്നു. വയലാറിൻെറ വിശപ്പു എന്നെ നക്കിനക്കി അന്ത്യനിലയിലായി.

പാരമ്പര്യം കുന്തവുമുയർത്തിയതു് വയലാറിലെ ജനതയല്ലം പട്ടിണിയായിരുന്നു. കത്തിയും കല്ലും കയ്യെടുത്തതു പാവങ്ങളല്ല, അവരുടെ കടുത്ത അടിമത്തമായിരുന്നു. അവരതുവരെ വേർപ്പൊഴുക്കി, നിഷ്ഫലമായി കണ്ണീർ പൊഴിച്ചു. ശാന്തം പാവം! അവർ അന്യോന്യം കാത്തിരുന്നില്ല, മനുഷ്യരായതുകൊണ്ടു്.

കാവേ!

വേലയ്ക്കുകൂലി, വിശപ്പിനാഹാരം; അദ്ധ്വാനത്തിനു വിശ്രമം, ഇതാണവർ ചോദിച്ചതു്. ഇതു ന്യായമല്ലേ? നീതിയല്ലേ? ധർമ്മമല്ലേ?

അങ്ങു പറയുമായിരിക്കും:—"പാവങ്ങൾ വലിയവൻെറ ചവിട്ടുമെത്തകളാണെന്നു്. പാവങ്ങളുടെ പ്രാണനിൽ അവർ ഊഞ്ഞാലാടി വിനോദിക്കണമെന്നു്. പാവങ്ങളുടെ ചോരയിൽ വലിയവന്മാർ അവരുടെ പ്രതീക്ഷകളുടെ മനോഹരചിത്രങ്ങൾ വരച്ചുകൂട്ടണമെന്നു്. പാവങ്ങളുടെ അസ്ഥികളാകുന്ന ഓരായിരം തുഴകൾവെച്ചു അവന്മാരുടെ ജീവിതവഞ്ചി അനായാസം തുഴഞ്ഞു മുന്നോട്ടു നയിക്കണമെന്നു്."

ഇതൊക്കെവേണം! പക്ഷേ പാവത്തിന്റെ വിശപ്പു വലിയവൻെറ മാരണശംഖവിളിയാണു്. പാവത്തിന്റെ

അസംതൃപ്തി വലിയവൻെറ ആശാസൗധങ്ങളുടെമേൽ വീഴുന്ന ഇടിവാളുകളായിരിക്കും.
കവേ!

പാവത്തിൻെറ ഓരോ തുള്ളിക്കണ്ണുനീരും മുത്തായേ മാറുകയുള്ളൂ. അവൻെറ ചുടുവീർപ്പിൽ ലോകാരാമം സുരഭിലമാകും. അവൻെറ സാന്നിദ്ധ്യത്തിൽ അന്തരീക്ഷം പ്രേമാപൂരിതമാകും.
കവേ!

അതാ നോക്കൂ!—ആ പൊററക്കുടിലുകളിൽ സുഖമെത്തിനോക്കിയിട്ടില്ല. ആ നടപ്പാതകളിൽക്കൂടി സമൃദ്ധി ഇതേവരെ വന്നിട്ടില്ല. ആ മണൽക്കാട്ടിൽ വയലാറിൻെറ ഹൃദയംകിടന്നു വാടിക്കരിയുന്നു. അവിടെങ്ങും കാണുന്ന ആ വെള്ളക്കട്ടകൾ വയലാറിൻെറ വ്രണപ്പാറുകളാണ്.

ചത്തു മണ്ണടിഞ്ഞ ശവമാണ് വയലാർ! പക്ഷേ അവൾ തലയോട്ടുകളുടെ റാണിയാണ്.

കവി:—"അതേ, ബെത്ലഹേമിലും, കപിലവാസ്തുവിലും മക്കായിലും ഞാൻ കണ്ടതു ഓരോ തലയോട്ടുമാത്രം. പക്ഷേ വയലാറിൽ നൂറുകണക്കായി ഞാനവയെ കാണുന്നു. ത്യാഗത്തിൻെറ ആ സുന്ദരാകാരങ്ങളെ! ദേശാഭിമാനത്തിൻെറ ആ ഉജ്ജ്വലസ്തൂപികകളെ! കിരാതത്വം ചവുട്ടിമെതിച്ച മനുഷ്യത്വത്തിൻെറ ആ മാർബിൾശകലങ്ങളെ!—

എനിക്കരുതു് അവയോടാമന്ത്രിക്കാതെയിരിക്കാൻ. എനിക്കരുതു് അവയെ പൂവിടാതെയിരിക്കാൻ—നിറകണ്ണാൽ ഞാനവയെ നീരാജനംചെയ്യട്ടെ!!

(ഗന്ധർവ്വൻ)

# ഒൻപതു്.

(മഹാകവി പള്ളത്തിന്റെ കവനകളിൽനിന്ന്
പിറപ്പിറക്കകയാണെങ്കിൽ)

(കേക)

I

പടവാളരിവാൾപോൽ,
ചുത്തികപോലുംഗദാ,
പടപ്പോക്കതിരകൾ
തങ്ങൾതൻഹൃദയങ്ങൾ
അവക്കുകൊടിയൊന്നോ,
തൻചുട്ടനിണംതന്നെ;
നടത്തിപോരായവർ:
പാരക്കോൽപ്പരിഷകൾ.
അത്തരമൊരരണം
ചരിത്രംകുറിച്ചിട്ടി-
ല്ലത്തരമൊരുകൊല
ചരിത്രംകണ്ടിട്ടില്ല.
കത്തിപോലവർ, കന്തം
ചാട്ടിപോൽ, കത്തികൊണ്ടു
ചെത്തിപോലൊരുതല,
കല്ലെറിഞ്ഞോടിച്ചപോൽ.

അത്രതാനവരുടെ
പടക്കോപ്പുകളവ-
രെത്രനാൾപൊരുതെന്നോ?
ണ്ടാഴ്ച: പതിനാൽനാൾ.!
ചത്തവർ; അതുമല്ല
തൽസ്ഥലംവെടിഞ്ഞവർ-
അത്രയല്ലെങ്ങോപോയോ-
രെത്രതാൻ? ജേലേറിയോർ?
എന്നിട്ടും വരുതിതൻ
ചുട്ടനാവൊരിടത്തു-
നിന്നുമേ മാറാതുള്ളൊ-
രാനാടിൻ നട്ടെല്ലിന്മേൽ
കടിപ്പുനിയമം; ഹാ!
പോലീസ്സാം ചാട്ടകൊണ്ടി-
ന്നടിപ്പു!—(ഭയാലേശം
ളവിൽനിന്നൊളിച്ചെന്നോം.

II

വാടിയകൈതക്കൂട്ടം
നിഴലിട്ടിടും കാത്തു-
തോട്ടുകൾ ചാരെല്ലവ-
ത്തുണിപോൽമൂടിക്കാണും
ആ മണൽക്കാട്ടിൽക്കൂടെ
നീന്തിഞാൻ; "നാരായണ
സ്വാമി"തൻപേർചൊല്ലീടും
"ഫിൽമ"സിൻെറഷെയർ"വിൽക്കാൻ

ഉച്ചതൻ ചുടുകാട്ടിൽ
കിടപ്പൂ വെൺമേഘങ്ങൾ,
അച്ചിരിവരുംമട്ടു
തലയോട്ടുകൾപോലെ.
അപ്പൊഴും പകൽ ചുററും
വച്ചുനീട്ടിടും തോക്കിൻ
വക്കുകൾപോലെ കാണായ്
ചക്രവാളോദരങ്ങൾ.

x x

ആവഴിത്താരതന്നി-
ലാരെ ഞാൻ കണ്ടു?—രണ്ടു
പാവങ്ങൾ ചകിരിനാ-
രങ്ങിങ്ങു പെറുക്കുന്നു.
അത്തലയോട്ടുകൾക്ക-
മവർതൻമുഖത്തിനു-
മിത്തിരി കാണ്മീലല്ലോ
ഭേദം; ഞാൻ ഞെട്ടീടിനേൻ.
അവർതൻകയ്യിലെല്ലാം
ചകിരിയിഴകളി-
ത്തലയോട്ടുകൾ പണ്ടു
മറച്ചമുടിയല്ലേ?
കാക്കയൊന്നുടൻ 'കാകാ'
വിളിച്ചെൻചുററും പാറി;
ഓർത്തു ഞാൻ "കാ?" ആരിവർ,
ഇത്തലയോടേന്തിയോർ?
പെങ്ങളോ, അവളൊത്ത
നാത്തൂനോ തുവമ്മിഞ്ഞ

കുഞ്ഞുങ്ങൾക്കേകിനിന്നോ
രമ്മയാ ഒരു കുഞ്ഞോ?

III

അക്കാക്കയൊരു ശബ്ദ-
ഗ്രാഹിയന്ത്രത്തിൻ മൂടി-
ക്കൊപ്പമപ്പൊഴും വിണ്ണിൽ
ത്തൂങ്ങുന്നതായ്ക്കണ്ടു ഞാൻ
ഉറച്ചേൻ! ഞാനത്തല-
യോട്ടുകൾക്കെല്ലാം ജീവൻ
കൊടുക്കും; എൻ "ഫിൽമ്സി"ൻെറ-
യാദ്യചിത്രം വേറല്ല.
'ഞാനാരെ'ന്നിതിനിട-
യ്ക്കോതിപ്പോയ്!—അപ്പാവങ്ങൾ
തുവിളുംനീരൊന്നൊന്നി-
ക്കെവിടന്നോ കൊണ്ടന്നു.
ആയത്തു മോടംവെട്ടി-
ക്കുടിച്ചേന,തിൻ തൊണ്ട-
താ,തലയോട്ടികൾക്കു
നടുവിലെറിഞ്ഞു ഞാൻ!
നോക്കിനിന്നൊരു നൊടി-
യെങ്ങോട്ടെന്നില്ലാതെ,ഞാൻ
മായ്ക്കുവതെമ്മട്ടെൻെറ-
യിക്കണ്ണീർ! ചുടുകണ്ണീർ!

* * * * *

"അരിവാളെടുത്തുഞാൻ
ചുററികയെടുത്തുഞാൻ
ഒരു ചെങ്കൊടി പാറി;
യെൻകണ്ണീർ തോരാറായി"

(ഗന്ധർവ്വൻ)

---

# പത്ത്

[വി. വി. കെ. വാലത്തിന്റെ വിമോചന 'ഗ്യാലപ്പ്' എന്ന താൽ എങ്ങിനെയോ അങ്ങിനെ]

ഇരുളിന്റെ ആഴത്തിൽ കിടന്നുകൊണ്ടു, നൂററാണ്ടുകളുടെ വിരിമാർവ്വിലേയ്ക്കു വിരൽ ചൂണ്ടി, വയലാറിലെ ഓരോ മൺതരിയിലും കുടികൊള്ളുന്ന നിശ്ശബ്ദത പറകയാണു്:—

"പാരക്കോലും കത്തിയുമേന്തി, വെടിയുണ്ടകളുടെ നേക്കു മാർവ്വുകാട്ടി,

അടിമത്തത്തിന്റെ, പ്രസൂതികൾ.

പശിയുടെ പാഴ്നിഴലുകൾ.

ലോകത്തിനു വേണ്ടാത്ത ആ ഹൃദയത്തുടിപ്പുകൾ ഒരു ഘോഷയാത്ര നടത്തി.

തലമുറകളായി വരിഞ്ഞുകെട്ടിയിരിക്കുന്ന ചങ്ങലകളറുക്കാൻ.

മാംസത്തിലും അസ്ഥിയിലും തറഞ്ഞു പ്രാണചലനങ്ങളെപ്പോലും മുറിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ ക്രൂരമ്പുകളെവലിച്ചൂരാൻ, യാതന മെനഞ്ഞുകൂട്ടിയ ആ മൺപാവകൾ അസംതൃപ്തിയുടെ താഴ്‌വാരങ്ങളിൽക്കൂടി, സൂര്യോദയങ്ങളുടെ മറവിൽക്കൂടി;

ചക്രവാളങ്ങളുടെ മറുപുറത്തുനില്ക്കുന്ന പരിവർത്തനങ്ങളെ ആഞ്ഞുപുല്കാൻ വെമ്പി വെമ്പി;

കൊട്ടങ്കാററുകൾക്കു കീഴിൽ
അവർ വെമ്പിനടന്നു.

ജീവിതം മണത്തറിയാൻമാത്രം കൊതിച്ച ആ ചെന്നായ്ക്കൾ!!!"

ചകിരിനാരിഴകളിൽ,

വെള്ളക്കള്ളിൻെറ പതകളിൽ, ജീവിതത്തെ അവർ തേടി.

അവിടെ ഇല്ല ജീവിതം.

അവിടെനിന്നൊരശ്ശരീരിപ്പുറപ്പാടുണ്ടായി.

"പോക്രി മറയത്തു്!"

മീനച്ചൂടിൽ പൊരിയുന്ന മണൽത്തരികളിൽ മൈലങ്ങളുടെ നിരകളിൽ, വിളഞ്ഞുകിടക്കുന്ന വെളിച്ചത്തിനു നേരേ കൈനീട്ടിക്കൊണ്ടു് അവർ ചോദിച്ചു:—

"ജീവിതം ഇവിടെയെങ്ങാനമുണ്ടോ?"

നിശ്ശബ്ദതയിൽ നിന്നൊരു പുഞ്ചിരി!

ആ ഘോഷയാത്ര വീണ്ടും മുന്നോട്ടു നീങ്ങി.

"അനാഥനകളുടെ നിർമ്മാതാവേ! അകാലമൃതിയുടെ, രോഗങ്ങളുടെ, വറുതികളുടെ ദൈവതമേ!

ഭവാനെവിടെയാണു്?

വീണ്ടൊരു നിശ്ശബ്ദത!!

ഒടുവിൽ കായലോളങ്ങളിൽ ഒരു പൊട്ടിച്ചിരി!!!

ഓരോ ഓളവും തലയുയർത്തി ആകാശത്തെ ചൂണ്ടിക്കൊണ്ടു പറഞ്ഞു:

"അതാ, അദ്ദേഹം" ആ അനന്തത!

അവരാ അനന്തതയുടെ നേരെ പാരക്കോലുകളുയർത്തി:—

"ദൈവമേ! ഞങ്ങളുടെ ജീവിതാവകാശം ഞങ്ങൾക്കു തരണമേ!"

ഒരുത്തരവുമില്ല.

അവർ കത്തികളും, കൈച്ചുറ്റികകളുമുയർത്തി,

അവർ ആർത്തിയോടെ ആരാഞ്ഞു—

"എവിടെ? എവിടെയാണു് ഞങ്ങളുടെ ജീവിതാവകാശം?

അങ്ങു ഭൂമിയെ സമമായി സൃഷ്ടിച്ചു, വെളിച്ചത്തെ, വായുവിനെ.

പക്ഷെ ആകാശത്തിൻ കീഴിൽ, അതങ്ങു മനുഷ്യനായി വിട്ടുകൊടുത്തു.

"കാരുണ്യമുള്ളോവേ!

ഞങ്ങളുടെ ജീവിതാവകാശമെവിടെ?" അധീശതപത്തോടു ചോദിച്ചു. ഉത്തരമില്ല. തലമുറകളായി ഞങ്ങൾ ചോദിക്കുന്നു. ഉത്തരമില്ല. ലോകത്തോടു്, പരിഷ്കാരത്തോടു് കാണപ്പെട്ട എല്ലാത്തിനോടും ഞങ്ങൾ ചോദിച്ചു.

ഒരേ ഒരു മൂകത മാത്രം.

ഞങ്ങൾ പുഴക്കളായിപിറന്നു വളർന്നു

കെട്ടുന്നു.

ഞങ്ങളും മനുഷ്യരാണെന്നു്,

മനുഷ്യനിർമ്മിതങ്ങളായ ആവശ്യങ്ങളുടെ, പ്രമാണങ്ങളുടെ ആ ചേരിയിൽ,

ഞങ്ങളേയും പങ്കകൊള്ളിക്കുവാൻ, അതുപോലും?

നാരകീയമായ ഒരു നായാട്ട്; ഒരു തള്ളിനീക്കൽ; ഒരു ന്തിവീഴ്ത്തൽ!

"ഞങ്ങളീ ഇരുളിൻെറ നടുവിൽ"

അടിമത്തത്തിൻെറ ആഴത്തിൽ, അനാഥതകളുടെ ചുഴിയിൽ നിന്നുകൊണ്ടു:—

ഏററവും ഒടുവിൽ,

ഒടുക്കത്തിൻെറ ആദ്യത്തെ ആ നിമിഷത്തിൽ, ഞങ്ങളുടെ പാഴ്ക്കോലുകളുയർത്തി.

വെടിയുണ്ടകൾ ചീറിപ്പാഞ്ഞിട്ടും, ആപത്തു ഞങ്ങളുടെ തലയ്ക്കുമീതേ ഭരണം നടത്തിയിട്ടും, വറുതിഞങ്ങളെ നക്കിനക്കിപ്പിടിച്ചിട്ടും,

കൊടുങ്കാററുകളുടെ കീഴിൽനിന്നുകൊണ്ടു,ഞങ്ങളുടെ നാട്ടിൻെറ മൺതരികളുടെ ഇഴയിൽ നിന്നുകൊണ്ടു;

ഞങ്ങൾ പൊരുതി.

അവയാനത്തിൻെറ ആ ആദ്യത്തെ കുരുതി.

"ഞങ്ങൾ തോററു"

ഇനിമേൽ ഞങ്ങളില്ല.

"ഇല്ലായ്മ"യിൽ ഞങ്ങൾ പിൻവാങ്ങി. ഈ വെള്ള വെള്ളത്ത തലയോട്ടകളുമായി, പേഷാരികളുടെ ഇടയിലൂടെ,

ഇരുളിൻെറ വെള്ളപ്പൊക്കത്തിലൂടെ,

വേലിയേററത്തിൻെറ ഏററവും ഒടുവിലെ നിശ്ശബ്ദമുഹൂർത്തത്തിൽ ഞങ്ങൾ പിൻവാങ്ങി.'

“ചോരകളുടെ ആ പേമഴകളും!”
പ്രാണവായുക്കളുടെ ആ ചുഴലിക്കാററുകൾ!
ഹൃദയത്തുടിപ്പുകളുടെ ആ ഇടിവെട്ടൽ!
അങ്ങിനെ ആ ഘോഷയാത്ര പിൻവാങ്ങി.

നക്ഷത്രകിരണങ്ങളോട് ആ മൺതരികളിലെ നിശ്ശബ്ദത ഇരക്കുകയാണ്;—

“നിലാവിന്റെ നാട്ടിൽ ഈ തലയോട്ടുകളെക്കൂടി സൂക്ഷിച്ചുകൊള്ളണമേ!”

എന്നു്.

(ഗന്ധർവ്വൻ)

# പതിനൊന്നു്.

[ശ്രീ: എം. പി. അപ്പൻ കീർത്തകൃതിയായി എഴുതുകയാണെങ്കിൽ]

I

മണൽമേട്ടകൾനടുവിൽ തണ–
ലണയാത്തൊരുവടിവിൽ–ത്തുടു
കവിളുംപോയ്, ചുടുചൊടിപോയ്; പട–
മിഴിപോയ്, ചുരുൾമുടിപോയ്;–ഇത–
നിണമററവർ–ത്തുണയററ,വർ–
ഉണരാതിനി യുയരാ–തവർ
നിഴലായ്, തെള്ളുപുകയായ്;–വെള്ള
വെളെളയിത്തലയോടായ്.

II

പലചിന്തകളലമൂടിയ,
കുളിർപുഞ്ചിരികളിയാടിയ,
പുളകോത്സവനിരതനടിയ–
തലയോട്ടുകൾ, തലയോട്ടുകൾ
തലയോട്ടുകൾനിതരാം; ഇവ
പ്രണയാശ്രുവിൽ, വിരഹാശ്രുവി–
ലുയിരാർന്നവരുടെതോ?

III

ഇവവേർപ്പുകൾചോന്നു-ചുട്ട
നെട്ടുവീർപ്പുകളാന്നു-പശി
പലനാളിവകാർന്നു-വ്യഥ
തിന്നാതിവശിന്നു-ഹാ! ഹാ!
കരാംനോവൊട്ടു, വയർവേവൊട്ട
സമരാത്തികലർന്നു-ഇവ;
അടിമത്തമൊഴിക്കാൻ-തല-
മുറയായതു നീക്കാൻ.

IV

വളർചെങ്കൊടിപാറീ-അവ-
രരിവാളുകൾ പേറി-അവ-
രലറീ,പലർകുതറീ-പലർ
പതറീ,പലർ ചിതറീ; ഇഹ
കൊലയാളികൾ, കൊലയാളികൾ
കൊലയാളികളെങ്ങും; നിണ-
മഴയാൽ, ശവനിരയാൽ-"വയ-
ലാറി"ന്നൊളിമാറി"

V

അവിടാത്തിതു! പുകചേർത്തിതു
വെടിയുണ്ടകൾ! വെടിയുണ്ടകൾ!
അവർമാർവ്വുകൾകാട്ടീ"ചക-
ചകെ"യങ്ങിടിവെട്ടി-അവർ,

സഹജാതരെരിഞ്ഞു-പല
തീച്ചെണ്ടുകൾ! തീച്ചെണ്ടുകൾ!
അവർ; പങ്ക്തികൾ നൂററാണ്ടുകൾ
നൂറേറണ്ടവരിനിമേൽ.

*   *   *   *

## VI

ഇവതന്നുടെ നടുവിൽ,ചുടു-
നിണധാരയിലൊടുവിൽ-കിളർ
വളർചെങ്കൊടിനിഴലിൽ-പുല-
രൊളിതന്നുടെ വടിവിൽ; പനി-
മലരായ്, അലനിരയായ്; "സ്ഥിതി-
സമതാ"ക്കതിർചൊരിവായ്-ഒരു
പരി"ശാന്തി" വരാറായ്!! നവ-
യുഗകാന്തി വരാറായ്!!!

(ഗന്ധർവ്വൻ)

## പന്ത്രണ്ട്

[ബഷീറിന്റെ തൂലിക മഷിയിൽ മുങ്ങിമയങ്ങിററാൽ—]

"വേഷമൊക്കെ ശരിയായോ?"

(അകത്തു്) "ഉവ്വ്!"

"എന്നാൽ വേഗം പുറപ്പെട്ട! സൂര്യനസ്തമിക്കാറായി"

രണ്ടുപേർ ആ ഗുഹയിൽനിന്നു പുറത്തുവന്നു. ചുററും കാട്ടുകളാണു്. തെങ്ങോലകളുടെ ഒളിവിൽ ശശികല ഒരു രിവാളുപോലെ മിന്നിത്തിളങ്ങുന്നുണ്ടു്.

അപ്പോഴും പശ്ചിമാംബരത്തിൽ അന്തിയുടെ രക്തക്കൊടി പറക്കുകയാണു്.

"നീവേണം കൊഞ്ചിയടുക്കാൻ"

"എനിക്കുമേല, നീ ആയിക്കൊള്ളു!"

"അതേ! അതിനു നിന്റെ സമ്മതം വേണോ?"

"വേണം. ഞാൻ മിണ്ടാതിരുന്നെങ്കിലോ—"

"ശ്ശ്!"

എന്തോ ശബ്ദം കേട്ടതുപോലെ അവർ രണ്ടടി പിറകോട്ടുമാറി.

വെളിച്ചം മങ്ങുന്നതേഉള്ളു. ആ കാട്ട് കണ്ണു പൂട്ടിയപോലെ കിടക്കുകയാണു്.

ആരേയും കാണുന്നില്ല.

ഒരു വെടി!

അതവരുടെ അടുത്തുകൂടി ചുററിക്കൊണ്ടുപോയി.

വീണ്ടും വെടി!

അവർ മുഖം മൂടിയിരുന്ന മുണ്ടുകരം വലിച്ചുനീക്കി.

അവർ നോക്കി. ചുററും ഒന്നുമില്ല. ഓനക്കമോ ഒന്നുംതന്നെ!

വെടി വന്ന ദിക്കിലേയ്ക്കവർ മിഴിച്ചു. ഭയസംഭ്രമങ്ങളോടെ അവർ ഓടാനുള്ള വട്ടമായി.

കാട്ടിനിടയിൽ ഒരു കൂട്ടച്ചിരി;

"കിട്ടിപ്പോയ്!"

"വിടാതെ പിടിച്ചോ?"

"തട്ടിക്കളയരുതേടാ!"

"എല്ലാപേക്കും തികയുകേണ്ടേ?"

അങ്ങനെ ചില ശബ്ദങ്ങൾ!

മൂന്ന നാലു പട്ടാളക്കാർ ഓടിയടുത്തു.

"എടീ ചരക്കുകളേ! എവിടേയ്ക്കാ പോകുന്ന്?"

"പാവപ്പെട്ടവന്മാരു കിടന്നു വെടികൊണ്ടു ചാവുമ്പഴ് ആരെത്തേടിയാടീ ഇറങ്ങിയിരിക്കുന്നതു്?"

"അതു വല്ല മുതലാളിക്കുട്ടമ്മാരേയുമായിരിക്കുമെടോ?" ഒരുവൻ തിരുത്തി.

"നമ്മളെ ആയിക്കൂടെന്നുണ്ടോ?"

ഒരു ചിററു പരിഷ്കാരി കൂട്ടത്തിൽ പരിഭവം പറഞ്ഞു.

"അവളെ ഇങ്ങു തരുവെടോ!" ഒരുവളുടെ കയ്യിൽ ഒരുവൻ കടന്നുപിടിച്ചു.

"ഇല്ല, എനിക്കുവേണം"

നിങ്ങൾക്ക രണ്ടിനുമില്ല, എനിക്കുണ്ട് ഇവളെ വേണ്ടതു്"

"ഇപ്പം കൊണ്ടേ പോവൂ!"

"എന്താ, തനിക്ക കാണണോ?"

അവർ തമ്മിൽ തക്കമായി, വഴക്കായി, വാക്കേററം കയ്യേററമായി.

ഇതിനിടയിൽ മററവളെ രണ്ടു പട്ടാളക്കാർകൂടി കുറേ അകലെവരെ വലിച്ചിഴച്ചുകൊണ്ടു പോയ്ക്കഴിഞ്ഞു.

"നില്ലിനെടാ അവിടെ" അക്ഷമനായി ഒരുവൻ വിളിച്ചു.

"നിന്നില്ലെങ്കിലോ?"

ഒരു തലയോടെടുത്തു് ഒരേറു്!

"അമ്പടാ!" ചിരിച്ചാർത്തുകൊണ്ടു മററവൻ ചാടി ഒഴിഞ്ഞുകളഞ്ഞു.

"എവിടെ കൊണ്ടു പോവ്വാടാ!".

"എന്താന്നാ?"

"അതു നിൻെറ—വകയാണോടാ"

"ഉവ്വേ! അസംബന്ധം പറഞ്ഞാലേ!"

അപ്പോഴേയ്ക്കു് അവിടെഓടിഅടുത്ത ഒരുവനെ മററവർ രണ്ടുംകൂടി തള്ളിനിലത്തിട്ടു.

"എൻറപ്പോ! ഇവനെന്തൊരു ചങ്കുററമെടാ!"

"എടാ നായേ!"

"എന്തു്? നായോടാ!"വീണവൻ ഒരുവൻെറ കാലിലൊരു കടി.

"എൻറമ്മോ!" കടിയേററവൻ കുതിച്ചുചാടി.

"വിടിനെടാ, അവളെ"

"ഇപ്പം വിടുന്നില്ല"

"എന്താ?"

"മനസ്സില്ല"

"വിടുന്ന കാണണോടാ"

പിണ്ണവൻ ചാടിയെണീററു.

"എനിക്കമേലേ,—ഇങ്ങനെ കലമ്പലാണെങ്കി—"

ഒരു പരിഭവം!

"ഊങ്ഹ്!" മററവളും കിണുങ്ങി.

"നമുക്കു പാരമെടീ"

"എവിടാ?"

ഒരുവൻ അവളുടെ തോളിൽ തട്ടിക്കൊണ്ടു ഘൂളം കുത്തി.

പിന്നൊരുവൻ അവളുടെ താടിക്കു തട്ടി.

മൂന്നാമത്തവൻ വിഷാദസ്വരത്തിൽ:—

"എന്നാ നിങ്ങളുതന്നെ ഒരു വഴിപറ!"

"വഴിയോ?"

"എനിക്കു നാണമാവുന്നെൻറപ്പനേ!"

"ഈ വെടീംപടേംകാരടെ കയ്യീന്നങ്ങു രക്ഷപ്പെട്ടെങ്കി—"

"രക്ഷപ്പെട്ടെങ്കിലെന്താാടീ?"

"ഉയിരോടു തിരിച്ചുപോവാരുന്നു"

"എവിടാടീ പോണത്?"

"ശ്ശ്! വേണ്ടാതനം പറയാതെ" ഒരുവൻ ഗുണദോഷിച്ചു.

ഒരുവൾ:—(കപടമായ ലജ്ജഭാവത്തിൽ)

"ഹോ! ഈ മീശ!

"ഇതിനെന്താടീ?"

"എന്തിനാ പല്ലുവേറെ?"

"കടിച്ചുതിന്നാനാണോ?"

"നിങ്ങൾ തമ്മിൽ ചീറുകയാണോ?" ഒന്നാമത്തവൾ ഇടയ്ക്കു ചോദിച്ചു.

"നീ ചീററി ചൂററി—"

"നിറുത്തെടീ" അവളെ ഒരുവൻ തൂക്കിയെടുത്തു കൊണ്ടൊരോട്ടം!

പൊട്ടിച്ചിരി!

പൊട്ടിച്ചിരി!!

"ഹയ്യോ! ഇതിനൊക്കെ നാണമില്ലേ?"

"ഓ! ഒരു വേദാന്തക്കാരി!" ഒരുവൻ പിറുപിറുത്തു. അവനവളുടെ കയ്യുപിടിച്ചു.

"വിടെന്നെ.

"വിടാമെടീ!"

"എപ്പം?"

"ഇപ്പംതന്നെ" അവർ മൂന്നാൾകൂടി അവളേയും പൊക്കിയെടുത്തു.

"ഹയ്യോ! ശവം!"

"അതിനെന്തു?"

"എന്തൊരു വാട?"

"സാരമില്ല."

"എനിക്കു ഛർദ്ദിവരുന്നു."

"ഛർദ്ദിച്ചോള്ളൂ!"

(മറെറാരിടത്തു്)

"എൻെറ ദേഹം തളരുന്നു."

"ഡാവാണേടാ!"

"എനിക്കു വെള്ളം ദാഹിക്കുന്നു"

"Sorry, പെണ്ണാപ്പുറന്നവളേ!"

"എനിക്കുമേലേ, ഹയ്യോ!"

പൊട്ടിച്ചിരി!

പൊട്ടിച്ചിരി!!

ആ കാട്ടുകളുടെ മറുവശത്തു എന്തോ ഞരക്കങ്ങൾ! ശബ്ദങ്ങൾ!

ഒന്നു്!—

രണ്ടു്.—അതാ, തലകൾ!

ഒരു പററം ആളുകൾ ഓടിക്കൂടുന്നു.

അലകുപാരകൾ! കുന്തങ്ങൾ! കുറുവടികൾ!

അവരിൽ ചിലരുടെ കയ്യിലതാ തോക്കുകൾ! ഠേ! ഠേ! ഠേ!—വെടി.

വീണ്ടും ഠേ! ഠേ!—പുക! എങ്ങും പുക!!

ആരാ അതാ മെഷ്യൻഗൺ വണ്ടിയുമായിവരുന്നു. വെടി! ഇടിയും മിന്നലും പുകയും തീപ്പൊരിയും! സർവ്വത്ര അഗ്നിപ്രളയം!

അവർ ഓരോ ചോടായി മുന്നോട്ടുനീങ്ങി. ആ പച്ചിലക്കാട്ടിൽ രക്തത്തുള്ളികൾ തെറിച്ചു.

നിലവിളികൾ!

അലർച്ചകൾ!!

തീക്കണ്ഡങ്ങൾ!!!

"ഠ! ഠ,ഠ, ഠ, ഠ, ഠേ,"

വീണ്ടും വെടി.

ആ ദേശീയഭടർ മുന്നോട്ടുനീങ്ങി. അവർ കണ്ടു. കരിഞ്ഞു കുഴിവാളിച്ച ആ മുഖങ്ങളെ—നാറുന്ന, അപ്പോഴും

കരുത്തിലുണങ്ങ ചോര ഒഴുകിത്തീരാത്ത, ആ കോലങ്ങളെ! കാക്കിയിലെ മാംസഗോളങ്ങളെ!

ഒരാൾ കണ്ണീർ തുടച്ചുകൊണ്ടു മുന്നോട്ടുവന്നു.

"സ്നേഹിതരേ!—" നാലുചുററുനിന്നും ശിരസ്സുകൾ ഉയന്നു.

"അതാ, കിടക്കുന്നു. നമ്മുടെ സഖാക്കൾ"

ചോരയിൽകിടന്നു പിടക്കുന്നു അപ്പോഴും രണ്ടുപേർ.

"ആരു്,"

"അബ്ദുൾ"—"രാമു"

"ഹയ്യോ! ഒരു കൂട്ടശബ്ദം.

"ആ വേഷങ്ങളോടുതന്നെ അവരെ നമുക്കു ക്യാമ്പിലേയ്ക്കു കൊണ്ടുപോകാം."

ചില ഞരക്കങ്ങൾ!

പതിഞ്ഞ കരച്ചിലുകൾ!

"വേണ്ട," ദൂരെ ഒരു ശബ്ദം.

"നമ്മുടെ ക്യാമ്പു പട്ടാളക്കാർ പിടിച്ചടക്കിക്കളഞ്ഞു."

"അവരുടെ പക്കൽ ആരെങ്കിലും അകപ്പെട്ടിട്ടുണ്ടോ?"

"ഉണ്ടു്."

"ആരു്?"

"നമ്മുടെ നേതാക്കൾ!"

"നേതാക്കളോ?"

"അതേ, നമുക്കു പ്രചോദനം നൽകിക്കൊണ്ടിരുന്ന—നമ്മുടെ മുൻ സമരങ്ങളിൽ മരിച്ച—ആ വീരനേതാക്കളുടെ തലയോട്ടുകൾ! അവയെ അവർ പിടിച്ചടക്കി."

ശശിലേഖയെ മറച്ചുകൊണ്ടു ഒരു കരിമുകിലിഴഞ്ഞുപോയി.

# പതിമൂന്നു്.

[ശ്രീ പാംപാ നാരായണൻനായർ കത്തിയിരുന്നെഴുതുമെങ്കിൽ]

## ഓമനക്കുട്ടൻ

### I

ശാരദാകാശചന്ദ്രികയുടെ
ചാരുമന്ദസ്മിതങ്ങളാൽ
പൊൻകിനാവുകൾകണ്ടുറങ്ങുന്നാ-
മൺകുടീരങ്ങളെങ്ങുമേ.

പട്ടിണിയുടെ നീണ്ടപാട്ടുപോ-
ലൊച്ചവച്ചവിടപ്പൊഴും
കൊച്ചുതോടുകൾ നീണ്ടു നീണ്ടുപോ-
യെച്ചുകെട്ടലിൻപാട്ടുകൾ.

ആനിലാവിൽമയങ്ങിടുന്നുണ്ടു
പാഴ്‌നിലങ്ങളോടൊട്ടിയോർ,
ഒററനോട്ടത്തിൽ, ഹാ! ചകരിതൻ-
കെട്ടുകളെല്ലിൻകൂട്ടങ്ങൾ!

ദൂരെ ദൂരെമരത്തടിയിട്ട
നീലിച്ചമൺപരപ്പിനെ
കാർന്നുതിന്നുവാനാഞ്ഞിഴയുന്നു
ന്നുകാൽനടപ്പാതകൾ!

പൊക്കിൾവള്ളിപോലററുവീഴുവാൻ-
ലാക്കുനോക്കുംമരങ്ങളെ

ചെററയല്ലം തുറന്ന ചാളക-
ളെത്തിനോക്കുന്നിതാമകൾ!

വെട്ടിയിട്ടുകമിമ്പകളുടെ
ശിഷ്ടഭാഗങ്ങളെന്നപോൽ
അങ്ങുമിങ്ങും കിടന്നിട്ടുന്നുണ്ട്
ഭംഗയിൽത്തലയോട്ടുകൾ.
എങ്ങിവിടം, മിഴിക്കുനീരേക-
മിങ്ങുതാൻ 'വയലാറ്' കോം!

II

ഓർത്തിട്ടുന്നുണ്ടോ? നിങ്ങളുക്കഥ,
ആർത്തിരമ്പിയൊരാ വ്യഥ!

ഏറെനാളുകഴിഞ്ഞിരിക്കില്ല;
നൂറുനൂറുപുലരികൾ
പൂവിടാൻമറന്നീലവയെഞ്ഞാൻ
ചോറുപ്രണ്ടിൽ വലച്ചെങ്കിലും.

ഉജ്ജ്വലിച്ചിരുന്നന്നെന്നിൽ ചില
സ്വർഗ്ഗീയാനന്ദജ്വാലകൾ!
പ്രേമമെന്നാവയ്യേങ്ങിനെ ഞാനെ-
രോമനപ്പേർ വിളിച്ചിട്ടും?

നല്ലകാലങ്ങൾ, ഗാനലോലങ്ങൾ-
ഇല്ലിനിയെൻെറവീണയിൽ.

* * *

വീണ്ടുമാവയലാറിൻസ്സ്മൃതി
ചെണ്ടിട്ടുന്നൊൻസിരകളിൽ

ചണ്ടികൾ, ലാത്തിധാരികൾനിന്നും-
ത്തോണ്ടിയനീണ്ടനാളുകൾ,
എത്രയോ വയലാറു കണ്ടതാ-
ണെത്തീലന്നി,ക്കാർമേഘങ്ങൾ!

III

മിന്നൽ താക്കകളേന്തിയങ്ങവർ
ചെന്നതിങ്ങിനിറഞ്ഞവർ
"ഫൂ! ഫൂ!"എന്നെങ്ങും ഗർജ്ജിച്ചിട്ടഹോ?
പീരങ്കിയുണ്ടവർഷിച്ചു.

മാറ്വുകാട്ടിനാർ, മാർവ്വുകാട്ടിനാർ
മാനനീയരാനാട്ടുകാർ-
തൻതലയിൽ,മുഖത്തിൽ,കൈകളിൽ,
ചങ്കിലുണ്ടതറയ്ക്കുയായ്.

കൊന്നുകൊന്നവർതിന്നൊടുക്കിനാർ
അന്നാണിയായ് നിരന്നോരെ
തിന്നുതിന്നവർതീരാഞ്ഞിട്ടരി-
ച്ചെങ്ങുമേ ചെന്നായ്ക്കൂട്ടങ്ങൾ.

അഞ്ചിനെ വയലാറു-പുന്നപ്ര
ചെന്നിണക്കളമാകവേ
നാട്ടുംവീട്ടുംവെടിഞ്ഞുനാട്ടുകാ-
രോടവേ, "ബർമ്മാ"തേടവേ.

പുഞ്ചിരിച്ചുനിന്നങ്ങുപോലീസ്സു-
സംഘത്തിൻെറവൈകൃതി!

അഞ്ചിതരോമകഞ്ചുകമിട്ട
വഞ്ചകരുടെധിക്കൃതി!

## IV

മേദുരാത്മണശോണിതംതീർത്ത
മേട്ടകൾക്കൊക്കെമോടിയായ്
താഴികക്കുടംപോലെമിന്നിനി
ഹാ!തലയോടിൻക്കൂട്ടമേ!

ഘോരക്കോലങ്ങളേന്തിയോർ,ഭൗമ-
ഭാരംതീർത്തവർ ശാന്തരായ്
വെട്ടുകത്തിയാൽവെട്ടിയോരവർ
വെട്ടേല്ക്കാത്തുള്ളമട്ടിലായ്.

പുഷ്പിതോജ്ജ്വലവാസരാന്തത്തിൽ-
പുഷ്പസൗരഭവേദിയിൽ;
ശാരദാമലതാരകങ്ങൾതൻ
ചാരുരശ്മിതൻവീഥിയിൽ.

നിർവൃതിതന്നാപാരതയുടെ
നിത്യകല്ലോലഭൃതിയിൽ,
മുങ്ങിടാം!നിങ്ങൾക്കെന്നുമെന്നും ഹാ!
മംഗളം!—തലയോട്ടുകൾ!!

# പതിന്നാല്

എ. ബാലകൃഷ്ണപിള്ള

രചനാത്മകമാണെങ്കിൽ വെൻഡൽ വില്ക്കിയുടെ ഏകലോകത്തിലും, സംഹാരാത്മകമാണെങ്കിൽ അമേരിക്കൻ ഡോളർ സാമ്രാജ്യത്വത്തിന്റെ 'ആറ്റം' യുഗത്തിലും ജീവിക്കുന്ന ആധുനിക മനുഷ്യന്റെ തലയോടിനോട് അത്ഭുതകരമായ രൂപസാദൃശ്യം വഹിക്കുന്ന തലയോട്ട് ആദ്യമായി കണ്ടുപിടിച്ചതു് പ്രൊഫസ്സർ റേമണ്ട് ഡാർട്ട എന്ന ജന്തുശാസ്ത്രപണ്ഡിതനാണെന്നു് 1122 വൃശ്ചികത്തിലെ 'മംഗളോദയ'ത്തിൽ ഞാൻപറഞ്ഞുവെച്ചിട്ടുണ്ട്. ഡോക്ടർ 'ബ്രൂം' റേമണ്ടിലിന്റെ അഭ്യൂഹങ്ങളെ യഥാക്രമം രോധമായി പിടിച്ചുകുലുക്കിയിട്ടുള്ള കാര്യം വിശേഷിച്ച് വധാർഹമത്രെ.

അസ്ഥിച്ഛേദരുവയേയും ആകൃതിയിയേയും മുൻനിർത്തി തലയോടുകളെ ഹനസ്ലിമോതലയോട്, മിനംഗ് കാമ്പുതലയോട്, ബംററക്ക് തലയോട്, ആദിദ്രാവിഡ തലയോട്ട് എന്നു് നാലായി തരംതിരിച്ചിരിക്കുന്നു. ബുക്കർവാഷിംഗ്ടന്റെ തലയോട് ഏയ്ക്കും കിപ്ലിങ്ങിന്റെ തലയോട് ബീയ്ക്കും ബർമ്മയിലെ അരാജകവാദികൾ കൊലപ്പെടുത്തിയ ജനറൽ ഊ ആങ്ങ്സാന്റെ തലയോട്ട് ബാററക്ക് തലയോടിനും കല, ബഹിരാത്മകമാണെന്ന ഭാഷയിൽ ആദ്യമായി സ്ഥാപിച്ച കൊടുപ്പുന്ന ഗോവിന്ദഗണകന്റെ തലയോട്ട് ആദിദ്രാവിഡ തലയോടിനും ഉത്തമോദാഹരണങ്ങളായി എടുത്തുകാണിക്കാം.

കേരളീയരുടെ തലയോടിനെപ്പററി ശാസ്ത്രീയമായ ഒരു ഗവേഷണം ഇനിയും നടത്തേണ്ടതായിട്ടാണിരിക്കുന്നതു്. കാല്പനിക പ്രസ്ഥാനത്തിൻെറ ആരംഭംമുതൽ റിയലിസത്തിൻെറ തുടക്കംവരെ മലയാളികളുടെ തലയോട്ട് പുരോഭാഗം പരന്നു. മഹാകവി "ജി"-യുടെ സവ്സാചിത്വത്തിൽ ആരംഭിച്ച സിംബാളിസത്തിൻെറ പൂർവ്വാപരവിരുദ്ധാംഘട്ടത്തോടുകൂടി നെററിത്തടത്തിന്റെ ഉപരിഭാഗത്തുള്ള അസ്ഥിപ്പുഷ്പക നേത്ത്രം ആണ് കണ്ടുവരുന്നതു്. നാസികയുടെ ഭാഗത്തുള്ള സുഷിരം താഴ്ചകൂടാൻ തുടങ്ങിയതു് ലഘു അയറണിക്കും ഫെണ്ണിനും സുവിദിതങ്ങളായ കാത്രൂർകഥകളുടെ ആവിർഭാവത്തോടുകൂടിയാണെന്നു വിചാരിക്കുന്നതിൽ തെററില്ല.

വയലാറിലെ തലയോട്ടകൾ പോഞ്ഞിക്കര റാഫിയുടെ തലയോടിനോടു സാദൃശ്യം വഹിക്കുന്നതുകൊണ്ടു് അവ തൊഴിലാളികളുടെ തലയോട്ടകളാണെന്നു വിചാരിക്കാം. അസ്ഥിക്കു കട്ടിയും ഘനവും കൊടുക്കുന്ന കാൽസിയം എന്ന സാധനത്തിൻെറ അഭാവത്തിൽ തലയോട്ടകൾ സ്പർശനത്തിനു ഏററവും മൃദുവായിത്തോന്നും. തൊഴിലാളി മുതലാളിസംഘട്ടനങ്ങൾ മാർക്സും എംഗൽസും ദീർഘദർശനം ചെയ്തിട്ടുള്ളതും ചരിത്രപരമായ ഒരാവശ്യവും ആണ്. ഈ വിപ്ലവത്തിന് സഹായിച്ചിട്ടുള്ളതു രണ്ടാംലോകമഹായുദ്ധത്തിൽനിന്നും സംജാതമായ അസാധാരണ പരിതഃസ്ഥിതികളും ഏഷ്യയിൽ നെഹ്റു, ആങ്ങ്സാൻ, രാജാമഹേന്ദ്രപ്രതാപ് ഗ്രാൻഡ്മുഫ്തി, ഇ. എം. എസ്സ് തുടങ്ങിയവർ ബീജാവാപം ചെയ്ത സ്വാതന്ത്ര്യാവേശവുമാണെന്നു സാമാന്യ

മായി പറയാം. തലയോട്ടുകളുടെ അടിവശം കരുവാളി ച്ചുകാണുന്നതു്, കെ. പി. ജീ. കെടാമംഗലം എന്നീ പുരോഗമനസാഹിത്യകാരന്മാരുടെ കവിതാസ്ഫുലിംഗങ്ങ ളുമായുള്ള വേഴ്ചകൊണ്ടാണെന്നു പറഞ്ഞാൽ തെററില്ല.

മുതലാളിയെ മുതലാളിയുടെ ആയുധം കൊണ്ട ല്ലാതെ ജനകീയായുധങ്ങളായ കററിച്ചൂല്, വാരിക്കുന്തം മുതലായവകൊണ്ടു് ആക്രമിക്കുന്നതിൻെറ അത്ഥശൂന്യ തയെ മന്ദം മന്ദം വെളിപ്പെടുത്തുന്ന തലയോട്ടുകളിലെ സുഷിരങ്ങൾ പലായനപ്രസ്ഥാനത്തിൻെറ സിംബലുക ളായി പ്രതിരൂപാത്മകകവികൾ സ്വീകരിക്കേണ്ടതാണു്. റഷ്യൻസാറുമായി പടവെട്ടി മൃതിപ്പെട്ട കോസാ ക്കു രാജ്യഭക്തരുടെ തലയോട്ടുകളിലെ വെടിയുണ്ട തറച്ച സുഷിരങ്ങളിൽ തെന്നൽ വീശിവന്ന നാദവിശേഷത്തെ മായക്കോവിസ്ക്കി മുതലാളിത്തത്തിൻെറ ശ്മശാന ഗാനമെന്നു പറഞ്ഞിട്ടുള്ളതു് ഇവിടെ അനുസ്മരിക്കേണ്ടി യിരിക്കുന്നു. പ്രസ്തുത നാദത്തെ പശ്ചാത്തലമാക്കി 'സ്ട്രാ വിൻസ്കി'യും 'ബാലക്കിറഫും' രണ്ടു ബാലററുകൾ രചി ച്ചിട്ടുള്ളതു് മാസ്ക്കോയിലെ മേയ്ദിനാഘോഷവേള യിലും വിപ്ലവ ആനിവേഴ്സറിദിനത്തിലും പ്രദർശ കർക്കു കാണാവുന്നതുമാണു്.

(ശ്യാമകൃഷ്ണൻ)

# പതിനഞ്ച്.

(വൈലോപ്പിള്ളി ശ്രീധരമേനോൻ എഴുതുകയാണെങ്കിൽ)

I

“കരളുനീറിച്ചുകഠിനമീവിധം
കരയായ്കെൻപ്രിയതോഴി!
ഇരുളകററുവാനിനിയദീപ്തിയോ-
ടരുണൻചെങ്കൊടിനാട്ടി.”

ആർത്തിരമ്പുമലകളാൽ
‘വേമ്പനാട’നാരാ-
ലാർത്തിമൂത്തമരും ‘വയ-
ലാറി’നോടായോതി,
കാററടിച്ചുകായലോരം
പററിനില്ക്കുംതെങ്ങിൻ
പററമത്തുകേട്ടുതല—
യാട്ടിനിന്നിതപ്പോൾ,
ഖിന്നമദ്ധ്യേ നിരാശതൻ
മാർത്തടമെന്നോണം
ശൂന്യതതൻവിരിപ്പാകു
മപ്പ്രദേശംകാണായ്.
കുന്നുപോലതിൻനടുവിൽ
പൂനിലാവിൽമിന്നി
ഛിന്നഭിന്നശിരസ്സുക;-
ളസ്ഥിശകലങ്ങൾ.

---

"കരളുനീറിച്ച കഠിനമീവിധം
കരയായ്കയെന്നൻപ്രിയതോഴീ!
ഉയിരിട്ടൊന്നോടെ യുണർന്നനിന്മക്കൾ
ദുരിതമാകവേനീക്കും."

II

ധീരധീരംപട്ടിണിയെ
വെന്നിടുവാനായി
ക്രൂരമാംകുബേരതയോ-
ടേററുമുഖതരായി
നൂറുനൂറായ് വീണടിഞ്ഞ
കൃഷിവേലക്കാർതൻ
ദാരുണമാംശ്മശാനമേ!
വെൽക വയലാറ!

"കരളുനീറിച്ച കഠിനമീവിധം
കരയായ്കയെന്നൻ പ്രിയതോഴീ!
ഭരിതവീര്യം നിൻ തനയർവിപ്ലവ-
വിരുതുവിശദമാക്കാട്ടി."
മായുകില്ലനിൻമഹിമ
മന്നിലൊരുനാളും
വായുവിലുമാലക്തിക
വീചിയതുവീശി.

അപ്രമേയവീരതാള-
മാ മഹിതശക്തി
വിപ്ലവത്തീ യ്യതി യ്യതി-
വീറൊടിന്നുയർത്തി.

വിഗതകാരുണ്യം മദിച്ചുകൂത്താടും
വിഭ്രതയെ തകർത്തീടാൻ
വിജയകാഹളം മുഴക്കിടുന്നിതാ-
വിധുരലോകമൊന്നൊടെ.

കൊടിയമേടകൾ കടിച്ചുതുപ്പിയ
കുടിലിൻ പാഴ്ശകലങ്ങൾ
പ്രകടിതോഗ്രത വഹിച്ചുനില്ക്കും
പ്രതീകാരത്തിനായ് നില്പൂ!

"പോരുമമ്മേ! നിൻവിഷാദം
തീരുമുടനെല്ലാം."
തലയോടോരോന്നുമുയിർത്തെഴുന്നേററു
നിലയുറച്ചു നിന്നോതി.
അരിവാൾ ചുററിക യവതൻകൈകളിൽ
അരിയദീപ്തിയിൽമിന്നി.
"ദുർമ്മദാന്ധരായ മുത-
ലാളിമാരിൽനിന്നും
ഇമ്മഹിയെ വീണ്ടെടുക്കാ-
നിന്നു ഞങ്ങൾനില്പൂ
ജർമ്മനിതൻ പീരങ്കിയോ-
യമേരിക്കൻ ബോംബോ

അംബികേ! നിൻ തനയരെ
    ഭീതരാക്കുകില്ല.
സമത്വസുന്ദര സുഷമയെങ്ങുമേ–
സമൃദ്ധി വീശുവാനായി
അമർത്തടക്കണമൃയൻറക്കൂത്താട്ടം
പ്രമത്ത വിത്തപ്രതാപം.
പോരും പോരും കരഞ്ഞതു
    വീരജന്മഭൂവേ!
ധീരധീരം നിൻതനയർ
    നിന്നരികിൽനില്പൂ!”

(സുന്ദരം)

---

# പതിനാറ്

(കുറിച്ചിത്താനം ശിവരാമപിള്ള കുത്തിക്കുറിക്കുകയാണെങ്കിൽ)

## രംഗം ഒന്നു്

(ഒരു തൊഴിലാളിയായ ശങ്കുവിന്റെ കുടിൽ. സമയം, നാലു നാഴികയ്ക്കു കുറയാതെ ഇരുട്ടിയതു്. ഒരു തകരവിളക്കുമാത്രം മങ്ങി മങ്ങി അകത്തു കത്തിക്കൊണ്ടിരിക്കുന്നു. അടുത്തു് ഒരു കീറപ്പായയിൽ ശങ്കുവിന്റെ ഭാര്യ നാണി കിടക്കുന്നുണ്ടു്. പുറത്തു തിണ്ണയിൽ ദാരിദ്ര്യം ഉടലെടുത്തതുപോലുള്ള ഒരു കിഴവി കുത്തിയിരിക്കുന്നു. അടുത്തു മൂന്നാലു കുട്ടികളും മയങ്ങിക്കിടക്കുന്നു.)

നാണി—അയ്യോ! അമ്മേ!

കിഴ—എന്താ മോളേ!

നാണി—ഇറവുപഴം വെള്ളമെങ്കിലും തായോ? തൊണ്ട വരളുന്നു!

കിഴ—കഞ്ഞിക്കലം ഊററിയാ വെച്ചിരിക്കണെ. ഇറവുപോലു മതിയിരിപ്പില്ല.

നാണി—തല ചുററിണമ്മേ! നാവെറങ്ങിപ്പോവാൻ തൊടങ്ങണ!

കിഴ—കണ്ണു രണ്ടുമിറുക്കിഅടച്ചു് അവിടെ കമന്നു കിടന്നു നോക്ക്യേ!

നാണി—അയ്യോ! എന്നെക്കൊണ്ടാവില്ലേ. ഞാനിപ്പം ചാകുവേ!

കിഴ—കരയാണ്ടിരി മോളെ! കൊച്ചു കുഞ്ഞുങ്ങളേക്കാൾ കഷ്ടായിട്ടിങ്ങനെതൊടങ്ങ്യാ, ഞാനെന്താ ചെയ്യും?

നാണി—എനിക്കിത്തിരി പച്ചോള്ളെങ്കിലും തന്നാമതിയെ!

കിഴ—അയ്യോ! പെററ കെടക്കമ്പം പച്ചേവാള്ളം കുടിക്കേപാ?

നാണി—എൻറീശപ്പരാ! ഇങ്ങനൊരു തലേലെഴുത്തായല്ലോ എനിക്ക്?

കിഴ—മോളെ! എല്ലാർക്കും ഒന്നേപാലെതന്നെ ഇതാണ്ടെ ഈ പിള്ളേരു കെടക്കണൊന്നൊക്യ. ഇന്നലെ നേരത്ത് അന്നത്തിൻെറ വെള്ളം കുടിച്ചതാണ്. എല്ലാം കരഞ്ഞു കരഞ്ഞു വശംകെട്ട മയങ്ങി.

നാണി—അമ്മേ! ആ വല്യതമ്പ്രാൻെറ അങ്ങുചെന്നാ നാഴി കഞ്ഞിത്തെള്ളിയെങ്കിലും തരാതിരിക്ക്യേല.

കിഴ—അവിടേം പോയിനോക്കി മോളെ! എൻെറ തലക്കവട്ടം കണ്ടപ്പം ആ കടുവാപ്പട്ടിയെ അഴിച്ചുവിട്ട 'പിടിപിടി' കൂട്ടുകാ ആ തമ്പ്രാനുംചെയ്തത്.

നാണി—രാപകലില്ലാണ്ടു നമ്മളവിടെ പണി എടുത്തവരല്ലേ ഇത്രനാളും?

കിഴ—അതൊക്കെ എന്തിനു പറേണു? ദൈവം തന്നെ അവരോടു ചോദിക്കട്ടെ!

നാണി—എന്തിനമ്മേ! ഈ ആമ്പ്രന്നോമ്മാരെല്ലാം തമ്പ്രാക്കളോട്ട വഴക്കടിക്കാൻ തൊടങ്ങണത്?

കിഴ—ആർവോ എനിക്കൊരു രൂപോല്ല.

നാണി—അവരോട്ട പെണങ്ങി പണിക്കു പോകാണ്ടിരുന്നാ നമ്മളല്ലേ പട്ടിണി കെടന്നു ചാകണത്? എത്ര ചെററകളാണിന്ന് കഞ്ഞിക്കുള്ളതിനു പൊരിഞ്ഞു കഴിയണതിപ്പോൾ?

കിഴ—അവരൊക്കെപ്പൊടെ തീച്ചപ്പെട്ടത്തിയ തല്ലേ? അതിൻെറ കൊണതോഷം അവക്കല്ലേ അറിയ ത്തൊള്ളൂ.

നാണി—കൊണതോഷമറിയാൻ ഏറെപ്പേരൊ ന്നും ഈ കണക്കിനാണെങ്കി ചേഷിക്കകില്ല. ഇന്നിത്ര നേരായിട്ടും വന്നില്ലല്ലോ?

കിഴ—ഇന്ന തങ്കമോ മീററിഞ്ഞായോ ഒക്കെ ഒണ്ടെ ന്ന പറേണകേട്ടു. അവനൂണ്ട പോലും സെക്രട്ടേറി.!

നാണി—പണക്കാരു മൊതലാളിമാരോട്ടു, പഞ്ഞം കെടന്നു പൊരിയണ പാവങ്ങള വഴക്കിനു പോയാ എവിടെ ഫലിക്കാനാണ്?

കിഴ—ആവോ, അവക്കൊക്കെ അറിയാം. എങ്കി ലും കയററുകമ്പനി ഒക്കെ പൂട്ടേണ്ടിവന്നപ്പം മോലാളി മാക്കും ഉള്ളി 'പൈപ്പോ പൈലോ' നായിട്ടൊണ്ടു്.

നാണി—ഈ വയ്യാവേലിക്കൊന്നും പോവാണ്ടു പാട്ടിനു പണി എടുത്തിരുന്നേ പട്ടിണികെടന്നു ചാകാ ണ്ടുകെടക്കാൻ. അയ്യോ! എൻറമ്മ! വല്ലാണ്ടൊരു പര വേശം; ഇററു കഞ്ഞ്യാള്ളത്തിനൊരുവഴീമില്ലല്ലൊ!

(വെളിയിൽ)

"ഒണ്ടടീ ഒണ്ടു്, എന്തിനു കഞ്ഞ്യാള്ളമാകുന്നു. പാല്വ കാച്ചി പഞ്ചാരേം ഇട്ടുതന്നെ കുടിക്ക്?

(പുറയിടമുടമസ്ഥനും കയററുകമ്പനി മാനേജരു മായ ഒരു കുടവയറൻ മുതലാളി കയ്യിൽ ഒരു കുറുവടിയു മായി പ്രവേശിക്കുന്നു)

കിഴ—അയ്യോ! ഇതാ ? വല്ല്യമ്പ്രാനോ? (എഴുന്ന ല്ക്കുന്നു)

മുത:—വേണ്ട വേണ്ട ഉപകാരമൊന്നും വേണ്ട.

കിഴ—ഈ പാവങ്ങളെന്തു പെഴച്ചു?

മുത—നിങ്ങൾ പാവങ്ങളോ? നാടു ഭരിക്കാൻ പോകുന്ന സിംഹങ്ങൾ. ഹും—ശങ്കു ഇല്ലേ ഇവിടെ?

കിഴ—കാലത്തെ ഇവിടുന്നെറങ്ങ്യതാ!

മുത—ഓ! മൊതലാളികളോടു പടയ്ക്കുള്ള ഒരുക്കങ്ങൾ കൂട്ടുന്ന ബദ്ധപ്പാടാണല്ലോ? എന്തൊക്കെയായി?

കിഴ—ഈ എട്ടുംപൊട്ടും തിരിയാത്ത പെണ്ണാപ്പെറന്നോരോടു ഇതൊക്കെ എന്തിനു പറയിണു?

മുത—അതൊക്കെ ഇരിക്കട്ടെ. എല്ലാത്തിനേം ഈ ചെററയിൽനിന്നുമെറക്കി ഇതും വലിച്ചു പൊളിച്ചിട്ടു വേണം എനിക്കുപോകാൻ. ചട്ടീം കലോം കൂട്ടും കെട്ടുകെട്ടും എല്ലാം പെറുക്കിക്കൊണ്ടു വേഗം എറങ്ങി മാറിത്തരിൻ.

നാണി—അയ്യോ! ഞങ്ങളെ കുടിയിറക്കാനോ ഭാവം? അതും ഈ രാത്രിക്കോ? പൊന്നുതമ്പ്രാനെ! ഇങ്ങിനെ തൈവത്ത് രോഹം തൊടങ്ങല്ലേ!

മുത—അതു ഞാൻ ആലോചിച്ചുകൊള്ളാം. നിങ്ങൾ തൊഴിലാളികളൊക്കെ യൂണിയൻ ചേർന്നു ഞങ്ങളെ മുടിക്കാനുള്ള ശ്രമമല്ലേ? ഇനി ഞങ്ങളുടെ കാര്യം ഞങ്ങളും ഒന്നു നോക്കട്ടെ; മര്യാദയ്ക്കു വേഗം ഇറങ്ങി മാറിക്കൊള്ളുകയാണു നല്ലതു്.

(അകത്തു കിടന്നുകൊണ്ടു്)

നാണി—അയ്യോ! ഇനി ഇവിടെ കെടന്നുപോറുക്കാനും മേലാണ്ടായെന്നോ? ഈ കെയ്ക്കുത്തിനേം തൂക്കി

ക്കൊണ്ടു പെരുവഴിയിലേയ്ക്കിറങ്ങണമെന്നോ? തമ്പ്രാനേ! ഇങ്ങനെ......

മൂത—മതി മതി; പ്രസംഗമൊന്നും ഇവിടെ കേൾക്കണ്ട. (കിഴവിയോട്) ഇറങ്ങുന്നുണ്ടോ വേഗം.?

കിഴ —(ഒന്നും മിണ്ടാൻ കഴിയാതെ നില്ക്കുന്നു)

മൂത—എടാ! പപ്പൂ!—ചങ്കരാ! കിട്ടാ! എല്ലാരും ഇങ്ങുവരിനെടാ (ഉഗ്രസ്വരത്തിൽ വിളിച്ചു പറയുന്നു. മൂന്നു നാലു തടിയന്മാർ പ്രവേശിക്കുന്നു "അയ്യോ! പാവേ! ഓടി വരണേ!" എന്നു കിഴവി ഉച്ചത്തിൽ നിലവിളിക്കുന്നു. കുട്ടികളും ഉണർന്ന് പരിഭ്രമത്തോടു നിലവിളിക്കുന്നു. എല്ലാം കൂടി ഒരു ബഹളം.)

മൂത—ചകരിച്ചോറു കിടപ്പില്ലേടാ എല്ലാത്തിന്റേയും വായിൽ നിറയ്ക്കാൻ.! കെടന്നു കൂക്കുവിളിക്കുന്നോ?

(പെട്ടെന്നു തൊഴിലാളി ശങ്കു പ്രവേശിക്കുന്നു. രംഗം കണ്ടു അമ്പരക്കുന്നു.)

ശങ്കു—എന്താണിവിടെ അക്രമം?

കിഴ—എന്റെ പൊന്നുമക്കളേ! എല്ലാം കഴിഞ്ഞു കുടിവിട്ടിറങ്ങാനുംകൂടി യോഗംവന്നല്ലോ! അയ്യോ! എനിക്കു സഹിക്കാൻമേലേ!

ശങ്കു—ആര് കുടിയിറക്കുന്നു എന്നു കാണട്ടെ!

മൂത—ഈ ഞാൻതന്നെ. എന്താ ഇറങ്ങുകില്ലെന്നുണ്ടോ?

ശങ്കു—ഇല്ല, തീർച്ചയായും ഇല്ല. എന്തു ന്യായപ്രകാരമാണ് ഈ രാത്രി വന്നു കുടിയിറങ്ങണമെന്നു നിങ്ങൾ പറയുന്നത്?

മുത—നീ ആരെടാ ന്യായം കേൾക്കാൻ? തെണ്ടിപ്പട്ടീ!

ശങ്കു—ആവശ്യമില്ലാതെ എന്നെ ചീത്ത പറഞ്ഞാൽ—?

മുത—പറഞ്ഞാൽ നീ എന്തു ചെയ്യും?

കിഴ—മകനേ! വഴക്കൊണ്ടാക്കാണ്ടിരിക്ക്.

ശങ്കു—ഇല്ല. ഈ മൊതലാളിമാരുടെ തോന്യാസങ്ങൾക്ക് ഇനിയും വഴങ്ങണമെന്നു വിചാരമില്ല. ഇത്ര നാളും സഹിച്ചു, ഇനിയതു സാദ്ധ്യമല്ല.

മുത—കെട്ടിനെടാ അവനെ പിടിച്ച് ആ തെങ്ങിൽ!

ശങ്കു—ഹ്ഹം—ം! എന്നാൽ അതുമൊന്നു കാണട്ടെ.

(തടിയന്മാർ അയാളോടടുക്കുന്നു. ഒരു വഴക്കിൻ്റെ ഒരുക്കം. നാണിയും തള്ളയും കുട്ടികളുംകൂടി ഒരു കൂട്ടനിലവിളി.)

(കർട്ടൻ)

(വയലാറിലെ ഒരു വെളിസ്ഥലം, രാത്രി, മണൽ പരപ്പിൽ നാലു തൊഴിലാളിനേതാക്കന്മാർ സംസാരിച്ചുകൊണ്ടിരിക്കുന്നു.)

ഒന്നാ—എങ്കിലും ഇന്നലത്തെകഥ ഓർക്കുമ്പോൾ—

രണ്ടാ—സപ്തനാഡിയും തളരുന്നു.

മൂന്നാ—ആ മഹാപാപിക്ക് ഇങ്ങനെ ഒരു കടുംകൈചെയ്യാൻ കരളൊറപ്പുണ്ടായല്ലോ!

നാലാ—അയാൾ അതും അതിലപ്പുറവും ചെയ്യും.

ഒന്നാ—എത്ര ആത്മാക്കളെയാ ഒന്നിച്ചു ചുട്ടെരിച്ചതു്? ആ കുടിലിരുന്നേടത്തു കെട്ടിടം പണിയും തൊടങ്ങിക്കഴിഞ്ഞു.

രണ്ടാ—ചങ്കുവിനെപ്പററി വല്ല അറിവുമുണ്ടോ?

മൂന്നാ—എന്തോന്നറിയാനാണു്? അവന്റെകഥയും ഇന്നലെത്തന്നെ കഴിഞ്ഞുകാണും. എല്ലാത്തിന്റേം പട്ടട, ആ ഒന്നുതന്നെ.

നാലാ—പെററുവീണിട്ടു പതിനഞ്ചുതെകയാത്ത ആ കൊച്ചും തള്ളേം!

ഒന്നാ—എഴുപതുകഴിഞ്ഞ ആ കെളവീം, മൂന്നാലു പിള്ളേരും.—

രണ്ടാ—എല്ലാംകൂടി ഒരു പിടിച്ചാമ്പൽ.

മൂന്നാ—അവരുടെ തലയോട്ടുകളും അസ്ഥിക്കഷണങ്ങളും!

നാലു—പുതുമേടയുടെ അടിക്കല്ലുകൾ.

ഒന്നാ—ഇതൊക്കെ കണ്ടും കേട്ടും സഹിച്ചോണ്ടു ജീവിക്കുന്നവൻ മനുഷ്യനോ?

രണ്ടാ—ഇതിനു പകരം വീട്ടീയില്ലെങ്കിൽ—.

മൂന്നാ—നമ്മളൊക്കെ വെറും കഴുതകൾ.

നാലാ—പാവങ്ങൾക്കും ജീവിക്കണം.

ഒന്നാ—ഉടലും ഉയിരും അവക്ക്മുണ്ടു്; മൊതലാളികളെ ഇതു നാം മനസ്സിലാക്കിക്കണം.

രണ്ടാ—അല്ലെങ്കിൽ നമ്മുടെ ഗതിയും ഇതുതന്നെ.

മൂന്നാ—പാടില്ല. ഈ അനീതി, ഈ അക്രമം, ഈ അപചാരം, ഇതു നാം തട്ടിത്തകക്ക്ണം.

നാലാ—ഈ മുതലാളിത്തം നശിക്കണം.

ഒന്നാ—നശിച്ചില്ലെങ്കിൽ നശിപ്പിക്കണം, എങ്കിലേ നമുക്ക കെടന്നപൊറുക്കാനൊക്കൂ.

രണ്ടാ—ഇന്നലത്തെ സംഭവത്തിൻെറ പോലീസ്സ റിപ്പോർട്ടുകേട്ടില്ലേ?

മൂന്നാ—എന്തോന്നു കേൾക്കാൻ? പണം കൊടുത്താൽ എങ്ങനെ വേണമെങ്കിലും അവർ എഴുതിക്കൊള്ളും. ആ മഹാപാപി കുന്നുപോലെ കൂട്ടിയിട്ടുമുണ്ടല്ലോ, വാരിവാരികൊടുക്കുകാണും.

നാലാ—അതു പിന്നെ പറയാനൊണ്ടോ? കള്ളും കുടിച്ചു ലക്കില്ലാണ്ടുവന്നു ശങ്കു വിളിച്ചപ്പം വീട്ടിലൊള്ളവർ എഴുന്നേല്ക്കാഞ്ഞു അവൻകോപിച്ചു പുരയ്ക്കുതീകൊളുത്തിയതാണുപോലും.

ഒന്നാ—അസ്സൽ യുക്തി. അവനും ഒടുക്കം അതിൽ ചാടിചത്തെന്നും കൂടിയായിരിക്കും! നല്ലനീതിയും ന്യായോം!

രണ്ടാ—ഇതാണ് ഇന്നത്തെ ഗവമ്മൻറു്.

മൂന്നാ—വല്യവരെ പോററാൻ മാത്രം.

നാലാ—പാവങ്ങളെ ഞെരുക്കിപിഴിയാനും.

ഒന്നാ—ഇങ്ങനെ പറഞ്ഞോണ്ടിരുന്നാ കാര്യമായില്ല. നമ്മള പണിമൊടക്ക തൊടങ്ങീട്ടു ദിവസം പത്തായി. വീടുകളിലേയ്ക്കു തിരിഞ്ഞുനോക്കിയാ തല കറങ്ങും. എല്ലാം പട്ടിണികൊണ്ട് ഏങ്ങിക്കിടക്കുന്നു.

രണ്ടാ—ഇനി അങ്ങനെ നോക്കാനില്ല. പരസ്യമായി ഈ മൊതലാളിമാരുടെ സ്വത്തുക്കളെ കടന്നു കൊള്ളതൊടങ്ങണം.

മൂന്നാ—അതാണു ഞാനും പറയുന്നതു്. പേടിച്ചിരുന്നാൽ ഇനി അധികം ദിവസം കഴിയും മുമ്പേ ഓരോന്നായി ചത്തുതുടങ്ങും.

നാലാ—നാളെത്തന്നെ അതു തുടങ്ങണം.

ഒന്നാ—എന്നാൽ വിവരം എല്ലാക്യാമ്പുകളിലും നാം അറിവുകൊടുക്കണം. ആദ്യം ആ മുതലാളിയുടെ വീട്ടു്.

രണ്ടാ—അവന്റെ തല വെട്ടിയെടുത്തു് ഒരു പാരക്കോലിൽ കുത്തിക്കോർത്തു പെരുവഴിയിൽ നാട്ടണം.

മൂന്നാ—അതു കഴിഞ്ഞിട്ടുമതി മററുകാര്യങ്ങൾ.

(പരിഭ്രാന്തനായി ശങ്കു പ്രവേശിക്കുന്നു. അയാളെ കണ്ടു എല്ലാവരും എഴുനേല്ക്കുന്നു.)

ഒന്നാ—ആരു്? ശങ്കുവോ?

ശങ്കു—സഖാക്കളേ! ഈ ഭാഗ്യദോഷിയായ ഞാൻ ഇനിയും ജീവിക്കുന്നു. എന്നോടുചെയ്ത കടുംകൈ—ഹാ! അതു വിചാരിക്കുവാൻ എനിക്കു ശക്തിയില്ല.

രണ്ടാ—താൻ എങ്ങിനെ രക്ഷപ്പെട്ടു?

ശങ്കു—അതൊക്കെ പിന്നീടു വിസ്തരിക്കാം. നാം ഇവിടെ നില്ക്കുന്നതാപത്താണു്. നമ്മെത്തിരക്കി പോലീസ്സുകാർ പുറപ്പെട്ടിട്ടുണ്ടു്.

മൂന്നാ—എന്തിനു്, നാമെന്തക്രമം പ്രവർത്തിച്ചു?

ശങ്കു—അതു് അവരോടു ചോദിക്കണം. ഇന്നാട്ടിലെ തൊഴിലാളികൾ മുഴുവനും അക്രമികളും കൊള്ളക്കാരുമായ കമ്മ്യൂണിസ്റ്റുകളാണെന്നും അവരെ ഒന്നടങ്കം ജയിലിലടയ്ക്കാഞ്ഞപക്ഷം നാടിനു രക്ഷയില്ലെന്നു

മാണ് ഇവിടത്തെ മുതലാളികൾ ഗവർമ്മെൻറിൽ പരാതി ബോധിപ്പിച്ചിട്ടുള്ളത്. അതിൻപ്രകാരം നമ്മെയെല്ലാം അറസ്ററുചെയ്യുവാൻ വാറണ്ടയച്ചിരിക്കുന്നു പോലും.

നാലാ—നല്ല നീതിപരിപാലനം! ഇക്കണക്കിനായി ക്കൊണ്ടാൽ ഭരണം പൊടിപൊടിക്കും.

ഒന്നാ—ആരാണു ചോദിക്കാൻ? പണക്കാരുടെനാട്ട പണക്കാരുടെ നീതി; പാവങ്ങൾക്കു ഒരു വിധത്തിലും രക്ഷയില്ല.

ശങ്കു—ഈ തോന്ന്യാസങ്ങൾക്കു ഒരറുതി വരുത്തുകയാണു നമ്മുടെ കർത്തവ്യം. ഒന്നുകിൽ നാം ജയിക്കും; അല്ലെങ്കിൽ ഒന്നോടെ നശിക്കും.

(ഒരു വെടിയുടെ ശബ്ദം കേൾക്കുന്നു)

(എല്ലാവരും പരിഭ്രമത്തോടെ ചുററും നോക്കുന്നു)

ഒന്നാ—വെടി.

ശങ്കു—പോലീസ്സ് എത്തിക്കഴിഞ്ഞു. അതാ വണ്ടിയുടെ ശബ്ദവും കേൾക്കുന്നു.

മൂന്നാം—എന്നാൽ നമുക്കു സൂക്ഷിക്കണം.

ശങ്കു—അവന്മാരെ വിടാൻ പാടില്ല. ആ വണ്ടി നമുക്കു ചുട്ടെരിക്കണം.

ഒന്നാ—ഈ രാത്രിതന്നെ അതു കഴിയണം.

ശങ്കു—അങ്ങിനെതന്നെ. മറെറാന്നുമിനി നോക്കാനില്ല. ഒന്നുകിൽ ജീവിക്കണം. അല്ലെങ്കിൽ മരിക്കണം ചത്തുകൊണ്ടു ജീവിച്ചിട്ടു പ്രയോജനമില്ല.

മൂന്നാ—ഏതായാലും ഇവിടെ നില്ക്കുന്നതു നന്നല്ല. വരിൻ. നമുക്കു പോകാം.

(എല്ലാവരും മറയുന്നു)

(കർട്ടൻ)

## രംഗം മൂന്ന്

(അരിവാൾ, പാരക്കോൽ, വെട്ടുകത്തി ഇങ്ങിയ ആയുധങ്ങളുമായി ശങ്കുവിന്റെ നേതൃത്വത്തിൽ ഒരു സംഘം തൊഴിലാളികൾ മുന്നോട്ടു നീങ്ങുന്നു.)

ശങ്കു—വിപ്ലവം!

എല്ലാവരും—ജയിക്കട്ടെ!!

ശങ്കു—ഇങ്കുലാബ്!

എല്ലാ—സിന്താബാദ്!!

ശങ്കു—മുതലാളിത്തം!

എല്ലാ—നശിക്കട്ടെ!!

ശങ്കു—ഈ നാട്!

എല്ലാ—നമ്മുടെ നാട്!!

ശങ്കു—ഈ സ്വത്ത്!

എല്ലാ—തൊഴിലാളികളുടെ!!

ശങ്കു—ആരടക്കി?

എല്ലാ—മുതലാളികൾ!!

ശങ്കു—അവർ സുഖിക്കുന്നു!

എല്ലാ—നാം നശിക്കുന്നു!!

ശങ്കു—നമ്മുടെ സ്വത്ത്!

എല്ലാ—നമുക്കു വേണം!!

ശങ്കു—തന്നില്ലെങ്കിൽ?

എല്ലാ—മേടിക്കും.

ശങ്കു—ഇങ്കുലാബ്!

എല്ലാ—സിന്താബാദ്!!

ശങ്കു—ഒന്നുകിൽ വിജയം!

എല്ലാം—അല്ലെങ്കിൽ മരണം!!

ശങ്കു—സ്വാതന്ത്ര്യം!

എല്ലാം—സമത്വം!!

ശങ്കു—വീതിക്കണം!

എല്ലാം—എന്ത്?

ശങ്കു—നമ്മുടെ സ്വത്ത്!

എല്ലാം—നമ്മുടെ ഭൂമി.

ശങ്കു—എത്ര സെൻറ്?

എല്ലാം—പതിമ്മൂന്നര!

ശങ്കു—ഇങ്കുലാബ്!

എല്ലാം—സിന്താബാദ്!!

(ഒരു പട്ടാളഉദ്യോഗസ്ഥൻ പ്രവേശിക്കുന്നു.)

പ: ഉ—(തോക്ക അവരുടെ നേക്കു ചൂണ്ടിക്കൊണ്ട്) ഫോൾട്ട്! ഓററയടി ഇനി മുന്നോട്ടു വയ്ക്കരുത്.

ശങ്കു—ഞങ്ങളെ തടയാൻ നിങ്ങൾക്കധികാരമില്ല.

പ. ഉ—അതു തീർച്ചപ്പെടുത്തേണ്ടതു നിങ്ങളല്ല.

ശങ്കു—ഞങ്ങളുടെ കാര്യം ഞങ്ങളാണു തീർച്ചപ്പെടുത്തുന്നതു്.

പ. ഉ—ഈ സ്ഥലത്തു പട്ടാളനിയമം നടപ്പിലാക്കിക്കഴിഞ്ഞു ഇനി സകലതിനും അധികാരികൾ ഞങ്ങളാണു്.

ശങ്കു—ആരു നിങ്ങൾക്കധികാരം തന്നു?

പ. ഉ—ഗവമ്മെൻറ്.

ശങ്കു—അനീതി നടമാടുന്ന ഈ നാട്ടിൽ ഗവമ്മെൻേറാ?

പ. ഉ — നിയമത്തിന്നു കീഴടങ്ങാത്തപക്ഷം അനുഭവേ മറിയാമോ?

ശങ്കു — ഓ ഹാ! നല്ലവണ്ണം! പക്ഷേ, വഴിവിട്ടു മാറി നില്ക്കണം. ഞങ്ങൾക്ക് അനവധി ജോലിയുണ്ടിന്ന്. ഏഴു മുതലാളിമാരുടെ വീടുകളാണിന്നു കൊള്ളചെയ്യാനുള്ളതു്. അതിൽ രണ്ടെണ്ണമേ കഴിഞ്ഞിട്ടുള്ളു.

പ. ഉ — മര്യാദയ്ക്കു നിങ്ങളുടെ ആയുധങ്ങളെല്ലാം താഴവച്ചിട്ടു ക്ഷണത്തിൽ പിരിഞ്ഞുപോകയാണു നല്ലതു് എൻെറ കയ്യിലിരിക്കുന്നതു് എന്തെന്നറിയാമല്ലോ?

ശങ്കു — ഓഹോ! പക്ഷേ ഞങ്ങളും വെറുംകയ്ക്കാരല്ല.

പ. ഉ — ആജ്ഞ അനുസരിക്കുന്നോ?

ശങ്കു — അല്ലാത്തപക്ഷം —?

പ. ഉ — ഞാൻ വെടി വെയ്ക്കും. എനിക്കതിനു കല്പനയുണ്ടു്.

ശങ്കു — ആരുടെ?

പ. ഉ — അതു നിങ്ങൾക്കറിയേണ്ട ആവശ്യമില്ല.

ശങ്കു — പൊന്നു സാറേ! ഒന്നു മെനക്കെടുത്താതെ വഴീന്നു മാറിനിന്നാട്ടെ. സമയം അതിക്രമിക്കുന്നു.

പ. ഉ — നിങ്ങൾ കാര്യമില്ലാതെ ജീവൻ കളയരുതു്. ഞങ്ങൾ പട്ടാളക്കാർ നിങ്ങളെ വളഞ്ഞിരിക്കയാണു്. ഞാൻ വിസിൽ ഒന്നടിച്ചാൽ മതി; നാലുവശത്തുനിന്നും വെടിയുണ്ടകൾ ചീററിത്തുടങ്ങും.

ശങ്കു — നിങ്ങൾ ചീററുകയോ തുമ്മുകയോ എന്തു വേണമെങ്കിൽ ചെയ്തുകൊള്ളുക.

പ. ഉ—തീർച്ച തന്നേയോ?

എല്ലാ—തീർച്ചതന്നെ ഇങ്കുലാബ് സിന്താബാദ്!

പ. ഉ—(ആകാശത്തെ ലക്ഷ്യമാക്കി ഒരു നിറ ഒഴിക്കുന്നു.)

ശങ്കു—സാറേ! ഇതൊക്കെ ഞങ്ങളും കണ്ടു തഴമ്പിച്ചവരാ. ഈ ഉണ്ടയില്ലാത്ത വെടികേട്ടു വിരണ്ടോടാനുള്ളവരല്ല ഈ തൊഴിലാളി സഖാക്കൾ.

പ: ഉ—ഇതാ ഞാൻ വിസിലടിക്കുന്നു. (വിസിൽനാദം) വൺ, ടൂ; ഇനി ഒരു മിന്നിട്ടുകൂടികഴിഞ്ഞാൽ!—നിങ്ങൾ എന്തുപറയുന്നു?

ശങ്കു—പറഞ്ഞതുതന്നെ.

പ: ഉ—പട്ടാളനിയമത്തിൻെറ ഗൗരവം നിങ്ങൾ അറിയുന്നില്ല.

ശങ്കു—പട്ടിണിയുടെ ഗൗരവം നിങ്ങളും.—ഞങ്ങൾ മരിച്ചുകൊള്ളാം. പട്ടിണിയോടുള്ള ഈ പോരാട്ടത്തിൽ അനുഭവം മറിച്ചായിരിക്കയില്ലെന്ന് അറിഞ്ഞുകൊണ്ടു തന്നെയാണിറങ്ങിയിട്ടുള്ളതു്, വയ്ക്കണം, എൻെറ മാറിൽ തന്നെ വയ്ക്കണം. ഇതാ ഞാൻ മാറുതുറന്നു കാണിക്കുന്നു. (അയാൾ ഷർട്ടിൻെറ ബട്ടൻ മാററി ഞെളിഞ്ഞുനില്ക്കുന്നു.)

എല്ലാ—ഇതാ ഞങ്ങളും തയ്യാർ; ഇതാണു നീതിയെങ്കിൽ—ഇതാണു നിയമമെങ്കിൽ—ഇതാണു സാധുസംരക്ഷണമെങ്കിൽ—അതു തന്നെ നടക്കട്ടെ.

ശങ്കു—എന്തിനു മടിക്കുന്നു. മുതലാളിത്തത്തെക്കൊണ്ടു പട്ടിണിപ്പാവങ്ങളെ ഇട്ടു ചവിട്ടി മർദ്ദിപ്പിക്കുന്ന ഗവമ്മൻറിനു പിൻതുണ നിന്നുവേണം ഒരുരുളച്ചോറിനുവക നിങ്ങൾക്കും നേടാനെങ്കിൽ, അതു നിർവിഘ്നം

നേടിക്കൊള്ളുക. ഞങ്ങൾ ചിന്തുന്ന ഓരോതുള്ളി രക്തവും വിപ്ലവത്തിൻെറ വിജയകാഹളമൂതിക്കൊണ്ടു് ഈ വയലാർ മണ്ണിൽനിന്നുതന്നെ ഉയരും. ഞങ്ങളുടെ ശവശരീരങ്ങൾ അർപ്പിക്കുന്ന തലയോട്ടുകൾ, മുതലാളിത്തത്തിന്റെ മാരണശംഖുമുഴക്കിക്കൊണ്ടു ദിക്കെങ്ങും കിടുകിടാ വിറപ്പിക്കും.

പ. ഉ—(ബധിരനെപ്പോലെനിന്നുകൊണ്ടു്.) ഇതാ ആജ്ഞ നടത്തുവാനുള്ള അവസാനത്തെ നിമിഷവും ആയിരിക്കുന്നു—(ഠേ—! അയ്യോ! എന്ന നിലവിളിയോടെ ശങ്കു വീഴുന്നു. തുടന്നു ഠേ! ഠേ! ഠേ! എന്നു നാലു പാടും നിന്നും വെടി. അയ്യോ! അയ്യോ! എന്ന നിലവിളി.)

(കർട്ടൻ)

(സുന്ദരം)

# വയലാറിലെ തലയോട്ടുകൾ



ശ്രീവിലാസ് പ്രസിദ്ധീകരണം.

Indic Digital Archive Foundation
gpura.org